# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA ALP P4 / 386 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA ALP P4 / 386 /2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2020 മുതൽ 27-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു സി ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 27-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 27-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ,ബി.ലിജിലാൽ ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.സിന്ധ്യ .പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി .സുഷ.റ്റി.പിള്ള , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഉണ്ണികൃഷ്ണൻ .സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . ബി വിജയമ്മ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി .ആദില.ഡി.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ധനലക്ഷ്മി .പി | കൃഷി ഓഫീസർ | | |
| ഡോ.എസ്.രമ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.കൃഷ്ണപ്രിയ.ജി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ആനന്ദ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ഗീത | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ഡോളി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 05-06-2019 |
| ഡോ.വി.സജീവ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 06-06-2019 | 31-03-2020 |
| ശ്രീമതി. പി.എൻ .ഉഷാകുമാരി | എച്ച്.എം.ഗവ.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷേലി.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രാജലക്ഷ്മി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷൈലജ.പി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബി.നവാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അപ്പൻ .വി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: B Ligilal (Audit Officer, On 18-03-2021)<br>Last Updated By: Rajeev R (Deputy Director, On 09-04-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 29-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 29-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 27-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Susha.T.Pillai (Asst. Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: B Ligilal (Audit Officer, On 29-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: B Ligilal (Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 29-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-10 |
| 11 | പ്രമുഖ വാണിജ്യസ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരിക്കുകമൂലമുള്ള നഷ്ടം - ഓഡിറ്റ് നിർദ്ദേശാനുസരണമുള്ള തുടർനടപടികൾ പൂർത്തീകരിച്ചിട്ടില്ല.<br>Written By: B Ligilal (Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 29-03-2021) | 1-11 |
| 12 | ടെണ്ടർ ഫീസ് - പഞ്ചായത്തിന് 1.26ലക്ഷം രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു<br>Written By: B Ligilal (Audit Officer, On 26-03-2021)<br>Last Updated By: B Ligilal (Audit Officer, On 26-03-2021) | 1-12 |
| 13 | വസ്തുനികുതി പരിഷ്കരണം -ആകെ വിസ്തൃതിക്കനുസൃതമായി നിരക്ക് ചുമത്തിയില്ല- 54320 രൂപയുടെ നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 28-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 28-03-2021) | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം-വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തിയില്ല-8863 രൂപയുടെ വസ്തുനികുതി നഷ്ടമായി<br>Written By: Unnikrishnan C (Senior Grade Auditor, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 31-03-2021) | 1-14 |
| 15 | നികുതി നിർണ്ണയം നടത്തുകയോ ഉപയോഗക്രമം മാറ്റി നികുതി ചുമത്തുകയോ ചെയ്യാത്ത അപേക്ഷകൾ- ഫയൽ തീർപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 28-03-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 28-03-2021) | 1-15 |
| 16 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല.<br>Written By: Unnikrishnan C (Senior Grade Auditor, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-16 |
| 17 | സഞ്ചയ ഡേറ്റാ ബേസ് വിവരങ്ങളുടെ പൂർത്തീകരണം -തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാൻഡ് ചെയ്യുന്നതിന് | 1-17 |

| | | |
|---|---|---|
| | അനിവാര്യം<br>Written By: Unnikrishnan C (Senior Grade Auditor, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | |
| 18 | ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 945000 തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Sindhya.P (Asst. Audit Officer, On 29-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 1-18 |
| 19 | സമയബന്ധിതമായി പ്രവൃത്തി നടത്താതിരുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: B Ligilal (Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 28-03-2021) | 1-19 |
| 20 | ആയൂർവേദ സബ്സെന്ററർ ഇലക്ട്രിഫിക്കേഷൻ-സാങ്കേതികാനുമതി തുകയിൽ അധികരിച്ചുള്ള ചെലവ്<br>Written By: B Ligilal (Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 28-03-2021) | 1-20 |
| 21 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-മുൻകൂറായി തുക നൽകി ഒരുവർഷം കഴിഞ്ഞിട്ടും പ്രിന്ററർ ലഭ്യമായിട്ടില്ല<br>Written By: B Ligilal (Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 28-03-2021) | 1-21 |
| 22 | ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച<br>Written By: B Ligilal (Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 28-03-2021) | 1-22 |
| 23 | നമ്മൾ നമുക്കായി -ജനകീയ ക്യാമ്പയിൻ<br>Written By: Susha.T.Pillai (Asst. Audit Officer, On 23-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 1-23 |
| 24 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 23-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-24 |
| 25 | ഹരിത കർമ്മ സേനയ്ക്കായുള്ള പ്രോജക്ട് നടപ്പായില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 22-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-25 |
| 26 | അഗതികൾ അവഗണിയ്ക്കപ്പെടുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 23-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-26 |
| 27 | ഗ്രാമസഭ നിയമാനുസൃതം യോഗം ചേരുന്നില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 19-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1- 27 |
| 28 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 37500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 1-28 |
| 29 | പൗരാവകാശരേഖ കാലികമാക്കി സൂക്ഷിയ്ക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 23-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-29 |
| 30 | ലൈഫ് പദ്ധതി - അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 25-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-30 |
| 31 | മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 25-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-31 |
| 32 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം<br>Written By: Susha.T.Pillai (Asst. Audit Officer, On 25-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 1-32 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി TDS -ഈടാക്കിയിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 1-33 |
| 34 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 29-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 1-34 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി നിർണ്ണയം-വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തിയില്ല-8863 രൂപയുടെ വസ്തുനികുതി നഷ്ടമായി | 2-1 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 31-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | |
| **ഭാഗം 3** | | |
| 1 | ആയുർവേദ സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ-സാങ്കേതികാനുമതി തുകയിൽ അധികരിച്ചുള്ള ചെലവ്<br>Written By: B Ligilal (Audit Officer, On 03-04-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 27-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 27-03-2021) | 4-7 |
| 8 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Susha.T.Pillai (Asst. Audit Officer, On 28-03-2021)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 28-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 27-03-2021)<br>Last Updated By: B Ligilal (Audit Officer, On 09-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 28-03-2021)<br>Last Updated By: B Ligilal (Audit Officer, On 03-04-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 06.02.19 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരവും,പുതുക്കിയ ബജറ്റ് 12-03-20 ലെ 1 (1) തീരുമാനപ്രകാരവും അംഗീകരിച്ചു.

പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 175 പ്രകാരം തയ്യാറാക്കിയതും അനുവദിച്ചതുമായ വികസനപദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ജനവരി പതിനഞ്ചിന് മുൻപ് തയ്യാറാക്കി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ സമയക്രമം പാലിച്ചതായി രേഖയില്ല. നിയമാനുസൃതമായ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിനൊപ്പം തയ്യാറാക്കേണ്ട ജൻഡർ ബജറ്റ് തയ്യാറാക്കിയതായും രേഖയില്ല.

ബജറ്റുപ്രകാരമുള്ള പ്രതീക്ഷിത വരവു-ചെലവും, യഥാർത്ഥ വരവു-ചെലവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| | മുന്നിരുപ്പ് | വരവ് | ചെലവ് | നീക്കിയരുപ്പ് |
|---|---|---|---|---|
| ബജറ്റ് പ്രകാരം | 9734902.53 | 162777000 | 163352700 | 9159202.53 |
| വാർഷിക കണക്ക പ്രകാരം | 12287046.92 | 83009345 | 79157206 | 16139185.92 |

റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക കൂടി പരിഗണിച്ചാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് വാസ്തവികമായി തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

1.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ മുന്നിരിപ്പ് ഉൾപ്പെടെയുള്ള തുകയാണ് ഇൻകം ആൻഡ് എക്സപെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടുള്ളത്.

2.പ്രോജക്റ്റ് നം.90/19 ൽ എക്സസ് പേയ്മെന്റ് വന്നിട്ടുള്ള 388 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുവാൻ അവശേഷിക്കുന്നു.

3.ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

4.കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നുള്ള പിൻവലിക്കലുകൾ അനുവദിക്കുന്നതിന് മുൻപ് വികസനഫണ്ട് ,ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയ തുകകളിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത/ക്രമീകരിക്കാത്ത തുകകളുടെ വിശദാംശങ്ങൾ ലഭ്യമായില്ല. തുകകളുടെയും ഹെഡ്ഡിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| ക്രമ നം | ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|---|
| 1 | 320200101 | വികസനഫണ്ട്-ജനറൽ -ക്യാപ്പിറ്റൽ | 25000 |
| 2 | 320200102 | വികസനഫണ്ട്-എസ്.സി.പി -ക്യാപ്പിറ്റൽ | 99623 |
| 3 | 320200104 | വികസനഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 565184 |

5. നിർവ്വഹണ ഉദ്യോഗസ്ഥരുടെ മുൻകൂറുകൾ യഥാവിധി അക്കൗണ്ട് ചെയ്യുന്നില്ല.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറുകൾ നൽകുകയും അവ അഡ്ജസ്റ്റ് ചെയ്യാതെ തുടരുകയും ചെയ്യുന്നുണ്ട്. എന്നാലിത് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. തുക നൽകുമ്പോൾ തന്നെ പേയ്മെന്റായി രേഖപ്പെടുത്തുന്ന തെറ്റായ രീതിയാണ് അവലംബിച്ചുപോരുന്നത്.

6.2.07.2011ലെ ജി.ഒ(എം.എസ്.)152/11തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ കണക്കാക്കപ്പെട്ട 31.03.2020 പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് സംഖ്യയായി തുടരുന്നു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12287046 |
| വരവ് | 83009345 |
| ആകെ | 95296391 |
| ചെലവ് | 79157206 |
| നീക്കിയിരിപ്പ് | 16139185 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | ക്യൂബിൽ | നീക്ക്യിരിപ്പ് |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1852941 | 15873921 | 17726862 | 1852941 | 11237598 | 4407860 | 228463 |
| വികസനഫണ്ട് എസ്.സി.പി. | 0 | 191176 | 8367824 | 8559000 | 191176 | 4805791 | 1489110 | 2072923 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 393000 | 393000 | 0 | 75000 | 147939 | 170061 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 10667630 | 10667630 | 0 | 5942584 | 2626497 | 2098549 |
| പെർഫോമൻസ് ഗ്രാന്റ് | 1770167 | 19648 | 0 | 1789815 | 770559 | 0 | 1019256 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 7572000 | 7572000 | 0 | 6196557 | 723000 | 652443 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 4092000 | 4092000 | 0 | 2872109 | 1017677 | 202214 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2984637 | 12091599 | 0 | 150796236 | 11313330 | 0 | 3762900 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| **170** | **43794000** | **127** | **33465756** | **43** | **0** | **76.42** |

2017-18 മുതൽ 2021-22 വരെയുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം ഘട്ടമാണ് 2019-20ൽ നടപ്പാക്കിയത് . പദ്ധതിയുടെ ലക്ഷ്യങ്ങളായ സാമ്പത്തിക വളർച്ച ,പൊതു വിദ്യഭ്യാസ – പൊതു ജനാരോഗ്യ മേഖലകളിൽ സൗകര്യം മികവുറ്റതാക്കുക ,മാലിന്യ പ്രശ്നം പരിഹരിയ്ക്കുക , ഭൂരഹിതരും ഭവന രഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമായി മാറുക എന്നിവ മുൻ നിർത്തിയുള്ള പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ ആസൂത്രണ സമിതി യോഗം 02.11.2018 ൽ യോഗം ചേർന്നു . ഇതിനെ തുടർന്ന് 08.11.2018 , 07.12.2018 തീയതികളിൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗം ചേർന്നു . 07.12.2018 ൽ പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു .

ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന12 വർക്കിംഗ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്. ഇവയുടെ രണ്ടു യോഗങ്ങളിലും അനേകം തീരുമാനങ്ങളെടുത്തവയിൽ പ്രസക്തമായവും അവ പദ്ധതികളായി മാറിയോ എന്നതിന്റെ വിവരവും ചുവടെ ചേർക്കുന്നു

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | കൈക്കൊണ്ട പ്രസക്തമായ തീരുമാനങ്ങൾ | കുറിപ്പ് |
|---|---|---|---|
| 1. | ദാരിദ്ര്യ ലഘൂകരണം | പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കയർ പിരി യൂണിറ്റുകൾക്ക് റാട്ട് നല്കി സംരഭങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ ധനസഹായം നല്കുക | വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി സംരഭകത്വ ക്ലബ് എന്ന പ്രോജക്ട്(നം.146/19-20) രൂപീകരിച്ചുവെങ്കിലും 2019-20 ൽ നടപ്പായില്ല |

| | | | |
|---|---|---|---|
| 2. | മൃഗസംരക്ഷണവും ക്ഷീര വികസനവും | പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് കറവ പശുവിനെ വാങ്ങുവാൻ ധനസഹായം | വെറ്ററിനറിസർജൻ നിർവ്വഹണ ഉദ്യാഗസ്ഥയായിപ്രോജക്ട് നം, 195 പ്രകാരം ഇത് നടപ്പാക്കി |
| 3. | ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ , കുട്ടികൾ ഭിന്നലിംഗ വിഭാഗം മുതലായവർ | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് , വൃദ്ധർക്ക് കട്ടിൽ ,അംഗണവാടി കുട്ടികൾക്ക് കളിപ്പാട്ടം , വാർഡ് തലത്തിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക , ഭിന്ന ലിംഗക്കാരെ കണ്ടെത്തി അവർക്കായി ഒരു കൂട്ടായ്മ ഉണ്ടാക്കി ആവശ്യമായ സഹായങ്ങൾ നല്കുക | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് , വൃദ്ധർക്ക് കട്ടിൽ എന്നിവ അസിസ്റ്റന്റ് സെക്രട്ടറി , വി.ഇ.ഒ എന്നിവർ നടപ്പാക്കി . ,അംഗണവാടി കുട്ടികകൾക്ക് കളിപ്പാട്ടം 2019-20 ൽ നടപ്പായില്ല . ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നതായി രേഖയില്ല . ഭിന്ന ലിംഗക്കാരെ കണ്ടെത്തി അവർക്കായി ഒരു കൂട്ടായ്മ ഉണ്ടാക്കിയിട്ടില്ല |
| 4. | വിദ്യാഭ്യാസം ,കല .സംസ്കാരം ,യുവജനകാര്യം | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം ,കുട്ടികൾക്കുള്ള കളി സ്ഥലം , വർദ്ധിച്ചു വരുന്ന മയക്കു മരുന്നിന്റെ ഉപയോഗം കുറയ്ക്കുവാൻ ഉള്ള ബോധവത്ക്കരണം | സെക്രട്ടറി , എച്ച് .എം. എന്നിവർ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം എന്ന പദ്ധതി നടപ്പാക്കി ,കുട്ടികൾക്കുള്ള കളി സ്ഥലം , വർദ്ധിച്ചു വരുന്ന മയക്കു മരുന്നിന്റെ ഉപയോഗം കുറയ്ക്കുവാൻ ഉള്ള ബോധവത്ക്കരണം എന്നിവയ്ക്കായുള്ള പദ്ധതികൾ രൂപീകരിച്ചില്ല |
| 5. | കുടിവെള്ളം ,ശുചിത്വം ,മാലിന്യ പരിപാലനം | പ്ലാസ്റ്റിക്ക് പൂർണ്ണമായി നിരോധിക്കുക , കുടിവെള്ള ക്ഷാമം അനുഭവിയ്ക്കുന്നവർക്ക് വാട്ടർ ടാങ്ക് | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്തനായി പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വാങ്ങി നല്കി |
| 6. | ആരോഗ്യം | അടിസ്ഥാന സൗകര്യ വികസനത്തിനായി പി.എച്ച്.സി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു, | അലോപ്പതി ,ആയുർവ്വേദം ,ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ മാത്രം നടപ്പായി |
| 7. | കൃഷിയും അനുബന്ധ മേഖലകളും | എള്ള് , തെങ്ങ് കൃഷി വികസന പദ്ധതികൾ | തെങ്ങ് കൃഷി വികസന പദ്ധതികൾ നടപ്പായി .എന്നാൽ എള്ള് കൃഷിയ്ക്കായി |

| | | | |
|---|---|---|---|
| | | | പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയില്ല |
| 8. | പൊതു മരാമത്ത് | പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുക , പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഹൈടെക്ക് ആക്കുക | റോഡ് ടാറിംഗ് , അംഗണവാടിയ്ക്ക് കെട്ടിട നിർമ്മാണം ,കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് എന്നിയിൽ കവിഞ്ഞുള്ള പദ്ധതികൾ ഒന്നും നടപ്പായില്ല |
| 9. | ചെറുകിട വ്യവസായം ,സൂക്ഷമ സംരഭംങ്ങൾ | വസ്ത്രം , അച്ചാർ ,പലഹാരം തുടങ്ങിയ നിർമ്മാണ യൂണിറ്റുകൾ ,ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട , ഓട്ടോ വാങ്ങൽ | ചെറുകിട വ്യവസായം ,സൂക്ഷമ സംരഭംങ്ങൾ എന്നിവയ്ക്കായി ഒരു പദ്ധതി പോലും ഇല്ല |
| 10. | ജൈവ വൈവിധ്യ മാനേജ്മെന്റ് | പരിസ്ഥിതി സംരക്ഷണ/ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ,ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കുക | ദുരന്ത നിവാരണ ത്തിന് ദ്രുത കർമ്മ സേന രൂപീകരിച്ചു . ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി രേഖയില്ല |
| 11. | പൊതുഭരണം , ധനകാര്യം | ശുചിത്വത്തിനായി ലഭിച്ച ഫണ്ട് വിനിയോഗിയ്ക്കുക , ഒണ്ടിക്കാവ് -പാപ്പനാടി തോടിന്റെ ഫണ്ട് വിനിയോഗിക്കുന്നതിലെ തടസ്സം നീക്കുക ,പുറമ്പോക്ക് സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുക | പൗരാവകാശ രേഖ തയ്യാറാക്കിയിട്ടുണ്ട് . |
| 12. | പട്ടിക ജാതി -പട്ടിക വർഗ്ഗ വികസനം | പട്ടിക ജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ ,ലാപ് ടോപ്പ് , വിദ്യാസമ്പന്നരായവർക്ക് പി.എസ്.സി കോച്ചിംഗ് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ , ലാപ് ടോപ്പ് എന്നിവ നല്കിയെങ്കിലും പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പ്രോജക്ടിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാതിരുന്നതിനാൽ 2019-20ൽ പ്രോജക്ട് നടപ്പായില്ല |

**നിർവഹണ ഉദ്യോഗസ്ഥരും പദ്ധതി നിർവഹണവും**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയവയുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2918000 | 1940760 | 66.5 |
| വെറ്ററിനറി സർജൻ | 8 | 6 | 4573000 | 1653000 | 36.14 |
| എം.ഒ,പി.എച്ച്.സി | 4 | 3 | 1050000 | 1019052 | 97 |
| എം.ഒ,ആയുർവേദം | 2 | 1 | 1050000 | 1000000 | 95.23 |

| | | | | | |
|---|---|---|---|---|---|
| എം.ഒ ,ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| ലേഡി വില്ലേജ് എക്സ്ററൻഷൻ ഓഫീസർ | 16 | 11 | 36082336 | 23813768 | 65.99 |
| ICDS സൂപ്പർവൈസർ | 9 | 7 | 6168350 | 5077121 | 82.30 |
| സെക്രട്ടറി | 29 | 23 | 18147486 | 8221479 | 45.30 |
| അസി.സെക്രട്ടറി | 7 | 6 | 2180400 | 1361227 | 62.43 |
| അസി.എൻജിനീയർ | 82 | 57 | 31589068 | 16586240 | 52.50 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1770000 | 1097240 | 61.99 |
| ഹെഡ്മാസ്റ്റർ | 5 | 3 | 1085000 | 276950 | 25.52 |
| **ആകെ** | **173** | **125** | **106863640** | **62296837** | |

വാർഷികപദ്ധതി നിർവ്വഹണത്തിൽ കൃഷിയ്ക്കും മൃഗസംരക്ഷണത്തിനുംവിദ്യാഭ്യാസത്തിനും മതിയായ പ്രാധാന്യം നൽകാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചയാണ്.

മോണിട്ടറിംഗ് ഫലപ്രദമല്ല

പദ്ധതി ആസൂത്രണത്തിൽ മുഖ്യ പങ്ക് വഹിയ്ക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി പൂർത്തീകരണ ശേഷം അവയുടെ മോണിറ്ററിംഗ് നടത്തേണ്ടതാണ് . എന്നാൽ 2019-20 വർഷം നടപ്പാക്കിയ പദ്ധതികളിലൊന്നും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല . ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടും,വരവു-ചെലവു കണക്കുകളും സാമൂഹ്യ ഓഡിറ്റിങ്ങിനു വിധേയമാക്കിയതായും രേഖയില്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6871 | 2041265 | 2048136 | 2048136 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 28938000 | 28938000 | 28938000 | 0 |

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 164760 | 90 |
| കർഷകതൊഴിലാളി പെൻഷൻ | 1654200 | 570 |
| വിധവാപെൻഷൻ | 5957400 | 2115 |
| വാർദ്ധക്യകാലപെൻഷൻ | 11695800 | 4116 |
| വികലാംഗപെൻഷൻ | 2084800 | 688 |
| അവിവാഹിതപെൻഷൻ | 219600 | 77 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.03.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7795/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ

ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

3. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പു വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല .

4. ക്യാൻസൽ ചെയ്യുന്ന മാന്വൽ രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

6. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

7. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

9. പഞ്ചായത്ത് പ്രദേശത്തുള്ള അനധികൃത നിർമ്മാണ പ്രവർത്തികളിന്മേൽ യഥാസമയം തുടർ നടപടി സ്വീകരിയ്ക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2021 | 01/2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.04.2012 | 2011-12 | 12.06.2012 |

1-11 പ്രമുഖ വാണിജ്യസ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരിക്കുകമൂലമുള്ള നഷ്ടം - ഓഡിറ്റ് നിർദ്ദേശാനുസരണമുള്ള തുടർനടപടികൾ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ 2-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രമുഖ വാണിജ്യ സ്ഥാപനമായ ശക്തി ട്രെഡേഴ്സിന്റെ അധീനതയിലുള്ള പ്രധാന കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരുന്നതിനാലും, അവയുടെ നിർമ്മാണങ്ങൾക്ക് പെർമിറ്റ് എടുക്കാതിരുന്നതിനാലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നത് സംബന്ധിച്ച് 18-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു (ഖണ്ഡിക നം : 1-12). ഈ വിഷയത്തിൽ പഞ്ചായത്തു സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം അറിയിക്കുവാനും, രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

" 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25-11-20 ൽ നൽകിയ കത്തുപ്രകാരം അസി.എൻജിനീയർ സ്ഥലപരിശോധന നടത്തി അനധികൃതമായി നിർമ്മിച്ച ഏരിയ അളന്ന് 1467.46 ച.മീ. എന്ന തിട്ടപ്പെടുത്തി 8-3-21 ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 21-1-20 ൽ ടി കെട്ടിടം പൊളിച്ചുകളയുന്നതിനുള്ള താത്കാലിക ഉത്തരവും കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുള്ളതും കെട്ടിട ഉടമ തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്.കോവിഡ്,ലോക്ഡൗൺ എന്നിവ കാരണം അസി,എഞ്ചിനീയർക്ക് യഥാസമയം റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാത്തതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞില്ല. അസി.എഞ്ചിനീയറുടെ 8-3-21 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2019-20 രണ്ടാം അർദ്ധവർഷം മുതൽ പ്രബല്യത്തിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്."

പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യപാര സ്ഥാപനത്തിൽ അനുമതി കൂടാതെ വേയ് ബ്രിഡ്ജ് ഉൾപ്പടെ അനധികൃത നിർമ്മാണ പ്രവൃത്തികൾ നടത്തി വർഷങ്ങൾക്കു ശേഷവും ഇത് കണ്ടെത്തി നടപടി സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ വിവരം ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയിട്ടും അവയ്ക്ക് നിയമാനുസൃത നികുതി ചുമത്താൻ വൈകുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിടയാക്കുമെന്നതിനാൽ ഈ വിഷയത്തിൽ സത്വര തുടർ നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

1-12 ടെണ്ടർ ഫീസ് - പഞ്ചായത്തിന് 1.26ലക്ഷം രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ഓൺലൈനായി എൽ.എസ്.ജി.ഡി ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരുന്നു. അസി. എൻജിനീയർ ഹാജരാക്കിയ രേഖകൾ പ്രകാരം 2015-16 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ 266536/- രൂപയാണ് ഈയിനത്തിൽ പ്രസ്തുത അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ 140815/-രൂപ ഓഡിറ്റ് സമയം വരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട് (രസീത് നം:120150500006/21-12-20). വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ഒടുക്കിയ തുക | ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിച്ച തുക | ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിക്കുവാനുള്ള തുക |
|---|---|---|---|---|
| 2015-16 | 16 | 60445 | 60445 | 0 |
| 2016-17 | 7 | 50790 | 47010 | 3780 |
| 2017-18 | 7 | 35990 | 33360 | 2630 |
| 2018-19 | 11 | 44828 | 0 | 44828 |
| 2019-20 | 15 | 74483 | 0 | 74483 |
| ആകെ | | | | 125721 |

ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 1-13 വസ്തുനികുതി പരിഷ്കരണം -ആകെ വിസ്തൃതിക്കനുസൃതമായി നിരക്ക് ചുമത്തിയില്ല- 54320 രൂപയുടെ നഷ്ടം

വാർഷിക വാടകമൂല്യം അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ച വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയയും ഉപയോഗക്രമവും അടിസ്ഥാനമാക്കി പരിഷ്കരിച്ചപ്പോൾ നികുതി നിരക്ക് തെരഞ്ഞെടുത്തതിലുണ്ടായ പിശക് കാരണം പരിഷ്കരിച്ച നികുതി കുറയുവാനിടയായ സാഹചര്യം ഉണ്ടായി.

വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതിയുടെ പരിഷ്കരണത്തിന് കുറഞ്ഞതും കൂടിയതുമായ വർദ്ധനവിന്റെ ശതമാനം ചുവടെ ചേർക്കും പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ നിന്നും ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ് [കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-4 (സി)].തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല [സ.ഉ(എം.എസ്) നം.144/15/ത.സ്വ.ഭ.വ. മൂന്നാം നമ്പർ നിർദ്ദേശം ]. എന്നാൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ അവ 100 ച.മീറ്ററിനുമുകളിലുള്ള വാണിജ്യാവശ്യ കെട്ടിടമായിരുന്നിട്ടും 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നിരക്ക് ചുമത്തിയാണ് നികുതി പരിഷ്കരിച്ചത്. ഇത് കാരണം മുൻപുണ്ടായിരുന്ന വസ്തുനികുതിക്ക് സർക്കാർ നിർദ്ദേശാനുസരണമുള്ള കുറഞ്ഞ വർദ്ധനവ്/ പരമാവധി വർദ്ധനവ് ഉറപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞില്ല. പഞ്ചായത്തിന് ഉണ്ടായ നികുതി നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം. തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി നിരക്ക് @30/ ച.മീ | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി നിരക്ക് @50/ ച.മീ | കുറവ് വന്ന തുക |
|---|---|---|---|---|
| ദീപക് നരേന്ദ്രൻ ജെ.എൻ പ്രൈവറ്റ് ലിമിറ്റഡ് | 2/410 മൂന്നാം നില 209.95 ച.മീ | 209.95 X30=6298.5 വർദ്ധനവ് -റോഡ് = 1259.7 ആകെ - 7559 | 209.95 X50=10497.5 വർദ്ധനവ് -റോഡ് = 2099.5 ആകെ - 12597 | വസ്തുനികുതി-1528 ലൈ.സെസ്-77 |

| | | | | |
|---|---|---|---|---|
| | | മുൻപുണ്ടായിരുന്ന വസ്തുനികുതി-8640<br>പരിഷ്കരിച്ച വസ്തുനികുതി-9180<br>ലൈ.സെസ്-459 | മുൻപുണ്ടായിരുന്ന വസ്തുനികുതി-8640<br>പരിഷ്കരിച്ച് ചുമത്തപ്പെടേണ്ടിയിരുന്ന വസ്തുനികുതി -10708<br>ലൈ.സെസ്-536 | |
| ദീപക് നരേന്ദ്രൻ ജെ.എൻ പ്രൈവറ്റ് ലിമിറ്റഡ് | 2/411 രണ്ടാം നില 366.93 ച.മീ | 366.93 X30=11007.9 വർദ്ധനവ് -റോഡ് = 2201.58<br>തറവിസ്തൃതി-1651.185<br>ആകെ - 14861<br>മുൻപുണ്ടായിരുന്ന വസ്തുനികുതി-8640<br>പരിഷ്കരിച്ച വസ്തുനികുതി-13375<br>ലൈ.സെസ്-669 | 366.93 X50=18346.5 വർദ്ധനവ് -റോഡ് = 3669.3<br>തറവിസ്തൃതി-2751.975<br>ആകെ - 24768<br>മുൻപുണ്ടായിരുന്ന വസ്തുനികുതി-8640<br>പരിഷ്കരിച്ച് ചുമത്തപ്പെടേണ്ടിയിരുന്ന വസ്തുനികുതി -15552<br>ലൈ.സെസ്-778 | വസ്തുനികുതി-2177<br>ലൈ.സെസ്-109 |
| ദീപക് നരേന്ദ്രൻ ജെ.എൻ പ്രൈവറ്റ് ലിമിറ്റഡ് | 2/412 മൂന്നാം നില 209.95 ച.മീ | 209.95 X30=6298.5 വർദ്ധനവ് -റോഡ് = 1259.7<br>കേന്ദ്രീകൃത എയർ കണ്ടീഷനിംഗ്-629.85<br>ആകെ - 8189<br>മുൻപുണ്ടായിരുന്ന വസ്തുനികുതി-6480<br>പരിഷ്കരിച്ച വസ്തുനികുതി-6961<br>ലൈ.സെസ്-349 | 209.95 X50=10497.5 വർദ്ധനവ് -റോഡ് = 2099.5<br>കേന്ദ്രീകൃത എയർ കണ്ടീഷനിംഗ്-1049.75<br>ആകെ - 13647<br>മുൻപുണ്ടായിരുന്ന വസ്തുനികുതി-6480<br>പരിഷ്കരിച്ച് ചുമത്തപ്പെടേണ്ടിയിരുന്ന വസ്തുനികുതി -11016<br>ലൈ.സെസ്-551 | വസ്തുനികുതി-4055<br>ലൈ.സെസ്-202 |
| ആകെ | | | | വസ്തുനികുതി-7760<br>ലൈ.സെസ്-388 |

ശരിയായ നികുതിനിരക്ക് ചുമത്താതെ വസ്തുനികുതി പരിഷ്കരിക്കാതിരുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം- 13 തീ- 25/03/2021 ) മുഖാന്തിരം വിശദീകരണം തേടിയിരുന്നു. സെക്രട്ടറി സമർപ്പിച്ച വിശദീകരണക്കുറിപ്പിൽ ഡേറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമാണ് ശരിയായ നികുതി നിരക്ക് ചുമത്തപ്പെടാതിരുന്നതെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ അപാകം പരിഹരിക്കുന്നതാണെന്നും അറിയിച്ചു. സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങൾ പ്രകാരം മേൽ കെട്ടിട്ടങ്ങളുടെ വസ്തുനികുതി 2013 ഒന്നാം അർദ്ധവാർഷം മുതലാണ് നിലവിൽ വന്നത്. മേൽ നമ്പർ കെട്ടിടങ്ങളുടെ 2019-20 വർഷം വരെയുള്ള 7 വർഷങ്ങളിലെ വസ്തുനികുതി 54320 രൂപ പഞ്ചായത്തിന് നഷ്ടമായി. സമാനമായ പിഴവുകൾ മറ്റ് കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിൽ സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ധനകാര്യസ്ഥിരം സമിതിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഡേറ്റാപ്യൂരിഫിക്കേഷൻ നടത്തി മേൽ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണത്തിൽ വന്ന അപാകം പരിഹരിച്ച് കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം-വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തിയില്ല-8863 രൂപയുടെ വസ്തുനികുതി നഷ്ടമായി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 / 2011 / തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ 2019-20 ലെ വസ്തുനികുതിനിർണ്ണയം സംബന്ധിക്കുന്ന ഫയലുകളുടെ പരിശോധനയിൽ

ചുവടെചേർത്തിരിക്കുന്ന കെട്ടിട ഉടമയുടെ കെട്ടിടത്തിന്റെ വസ്തുനികുതി ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരിട്ടുനൽകുകയും ബാധകമായ നികുതി 100 ച.മീറ്ററിന് താഴെയുള്ള നിരക്ക് ചുമത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നികുതിനിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യമെന്നത് മാത്രമായിരുന്നു. പഞ്ചായത്തിനുണ്ടായ നികുതി നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ-തറവിസ്തൃതി | ആകെ തറവിസ്തൃതി | ചുമത്തിയ നികുതിനിരക്ക് @30/ ച.മീ | ചുമത്തേണ്ട നികുതി നിരക്ക് @50/ച.മീ | കുറവ് |
|---|---|---|---|---|---|---|
| 1 | വിജയനാഥൻ പിള്ള / ശ്രീദേവിയമ്മ, കാർത്തിക പുള്ളിക്കണക്ക് | 2/855<br>25.83 ച.മീ | 265.62 ച.മീ | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/856<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/857<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/858<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/859<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/861<br>21.15 ച.മീ | | 21.15 X30= 634.5<br>വർദ്ധനവ്-റോഡ്<br>-126.9<br>ആകെ-761.4<br>വസ്തുനികുതി -762<br>ലൈ.സെസ്- 39 | 21.15 X50= 1057.5<br>വർദ്ധനവ്-റോഡ്<br>-211.5<br>ആകെ-1269<br>വസ്തുനികുതി -1269<br>ലൈ.സെസ്-<br>64 | വസ്തുനികുതി-507<br>ലൈ.സെസ്-<br>25 |
| | | 2/862<br>28.83 ച.മീ<br>ഒന്നാം നില | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വസ്തുനികുതി -987<br>ലൈ.സെസ്- 50 | വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | |
| | | 2/863<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| | | 2/864<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| | | 2/865<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| 2 | ശ്രീദേവിയമ്മ<br>കാർത്തിക<br>പുള്ളിക്കണക്ക് | 2/860<br>21.31 ച.മീ | 115.08 ച.മീ | 21.31 X30= 639.3<br>വർദ്ധനവ്-റോഡ്<br>-127.86<br>ആകെ-767.16<br>വസ്തുനികുതി -768<br>ലൈ.സെസ്- 39 | 21.31 X50= 1065.5<br>വർദ്ധനവ്-റോഡ്<br>-213.1<br>ആകെ-1278.6<br>വസ്തുനികുതി -1279<br>ലൈ.സെസ്-<br>64 | വസ്തുനികുതി-511<br>ലൈ.സെസ്-<br>25 |
| | | 2/866<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| | | 2/867<br>24.31 ച.മീ<br>ഒന്നാം നില | | 24.31 X30= 729.3<br>വർദ്ധനവ്-റോഡ്<br>-145.86<br>ആകെ-875.16<br>ഒന്നാം നില ഇളവ്-43.8<br>വസ്തുനികുതി -833 | 24.31 X50= 1215.5<br>വർദ്ധനവ്-റോഡ്-243.1<br>ആകെ-1458.6<br>ഒന്നാം നില ഇളവ്-72.95<br>വസ്തുനികുതി -1387<br>ലൈ.സെസ്- | വസ്തുനികുതി-554<br>ലൈ.സെസ്-28 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ലൈ.സെസ്- 42 | 70 | |
| | | 2/868<br>24.15 ച.മീ | | 24.15 X30= 724.5<br>വർദ്ധനവ്-റോഡ്<br>-144.9<br>ആകെ-869.4<br>ഒന്നാം നില ഇളവ്-43.5<br>വസ്തുനികുതി -827<br>ലൈ.സെസ്- 42 | 24.15 X50= 1207.5<br>വർദ്ധനവ്-റോഡ്<br>-241.5<br>ആകെ-1449<br>ഒന്നാം നില ഇളവ്-72.45<br>വസ്തുനികുതി -1377<br>ലൈ.സെസ്-<br>69 | വസ്തുനികുതി-550<br>ലൈ.സെസ്-<br>27 |
| | | 2/869<br>16.48 ച.മീ | | 16.48 X30= 494.4<br>വർദ്ധനവ്-റോഡ്<br>-98.88<br>ആകെ-593.28<br>രണ്ടാം നില ഇളവ്-59.4<br>വസ്തുനികുതി -535<br>ലൈ.സെസ്- 27 | 16.48X50= 824<br>വർദ്ധനവ്-റോഡ്<br>-164.8<br>ആകെ-988.8<br>രണ്ടാം നില ഇളവ്-98.9<br>വസ്തുനികുതി -891<br>ലൈ.സെസ്-<br>45 | വസ്തുനികുതി-356<br>ലൈ.സെസ്-<br>18 |
| ആകെ | | | | | | വസ്തുനികുതി -8863<br>ലൈബ്രറി സെസ്-<br>443 |

ശരിയായ നികതിനിരക്ക് ചുമത്താതെ വസ്തുനികതി പരിഷ്കരിക്കാതിരുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം- 13 തീ- 25/03/2021 ) മുഖാന്തിരം വിശദീകരണം തേടിയിരുന്നു. സെക്രട്ടറി സമർപ്പിച്ച വിശദീകരണക്കുറിപ്പിൽ ഡേറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമാണ് ശരിയായ നികുതി നിരക്ക് ചുമത്തപ്പെടാതിരുന്നതെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ അപാകം പരിഹരിക്കുന്നതാണെന്നും അറിയിച്ചു. ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ അപാകം പരിഹരിച്ച് കുറവ് വന്ന വസ്തുനികുതി (8863 രൂപ)യും ലൈബ്രറി സെസ്സും (443 രൂപ) ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 നികുതി നിർണ്ണയം നടത്തുകയോ ഉപയോഗക്രമം മാറ്റി നികുതി ചുമത്തുകയോ ചെയ്യാത്ത അപേക്ഷകൾ- ഫയൽ തീർപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല

ചുവടെ ചേർത്തിരിക്കുന്ന അപേക്ഷകരുടെ അപേക്ഷകളിലെ ആവശ്യം നികുതി നിർണ്ണയം, ഉപയോഗക്രമത്തിലെ മാറ്റം എന്നിവ യായിരുന്നു. എന്നാൽ അപേക്ഷകലിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ച് അപേക്ഷകർക്ക് കത്ത് നൽകിയ പഞ്ചായത്ത് തുടർനടപടികളൊന്നും സ്വീകരിച്ചില്ല. ടി അപേക്ഷകരുടെ കെട്ടിടങ്ങൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയില്ല. ഇപ്രകാരം കെട്ടിടങ്ങൾ പഞ്ചായത്തിന്റെ വിവര അടിത്തറയിൽ ഉൾപ്പെടാതെ പോകുന്നത് നികുതി നഷ്ടമുണ്ടാക്കി.

| ക്രമനം | അപേക്ഷന്റെ പേര് | തപാൽ നം | ആവശ്യം |
|---|---|---|---|
| 1 | ശ്രീമതിഷീബ, ശ്രീ ഭവനം, കൃഷ്ണപുരം | 1556/19 (20-08-2019) | 16/442 വാണിജ്യാവശ്യത്തിലേക്ക് മാറ്റൽ |
| 2 | ശ്രീമതി.ആരിഫ,തോണ്ടുതറ കിഴക്കേതിൽ ,കാപ്പിൽ | 4341/20-07-2019 | കെട്ടിടത്തിന്റെ നികുതിനിർണ്ണയം |
| 3 | ശ്രീ.വിജയലക്ഷ്മി, ശ്രീ രാജു<br>പല്ലോലിൽ രസ്മീസ് ദേശത്തിനകം | 4246/19<br>16-07-2019 | കെട്ടിടത്തിന്റെ നികുതിനിർണ്ണയം |
| 4 | ശ്രീ കൃഷ്ണൻ ദിവാകരൻ ശ്രീമതി ലീല, മുല്ലശ്ശേരി വടക്കേതിൽ കാപ്പിൽ കിഴക്ക് | 4281 /19 | കെട്ടിടത്തിന്റെ നികുതിനിർണ്ണയം |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-16 തീ- 25-03-2021 ) തുടർ അന്വേഷണം നടത്തി നികുതി നിർണ്ണയം / നികുതി പുനനിർണ്ണയം നടത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ

ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

I ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിക്കുന്ന രജിസ്റ്ററുകൾ ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ജയ് ഹിന്ദ് അസോസിയേറ്റ്സ് - II അർദ്ധവർഷം

2. ഹോട്ടൽ റോമാ സെൻട്രൽ- I & II അർദ്ധവർഷങ്ങൾ

3. ദേശത്തിനകം KUCS Reg No. A 275 (D) Apcos- I & II അർദ്ധവർഷങ്ങൾ

II ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിക്കുന്ന രജിസ്റ്ററുകൾ ഫയൽ എന്നിവ പരിശോധിച്ചതിതാഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

1.അനിയൻസ് ഹോസ്പിറ്റൽ - I അർദ്ധവർഷം

2.സാരഥി ഫിനാൻസ് - I & II അർദ്ധവർഷങ്ങൾ

III താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് അനസൃതമായി നികുതി ചുമത്തിയില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | പേര് തസ്തിക | അർദ്ധവാർഷിക വരുമാനം | ചുമത്തിയ തൊഴിൽ നികുതി | ചുമത്തേണ്ടിയിരുന്ന തൊഴിൽ നികുതി |
|---|---|---|---|---|---|
| തെക്കൻ കാവ് ദേവസ്വം | ഒന്നാം അർദ്ധവർഷം | എം.എൽ പ്രസാദ് പാർട്ട് ടൈം ശാന്തി | 16700 X6+2500= | 750 | 1000 |
| തെക്കൻ കാവ് ദേവസ്വം | രണ്ടാം അർദ്ധവർഷം | എം.എൽ പ്രസാദ് പാർട്ട് ടൈം ശാന്തി | 16700 X6+2500= | 750 | 1000 |
| അർത്തികാവ് ദേവസ്വം | ഒന്നാം അർദ്ധവർഷം | എം.എൽ പ്രസാദ് പാർട്ട് ടൈം ശാന്തി | 16700 X6+2500= | 750 | 1000 |
| അർത്തികാവ് ദേവസ്വം | രണ്ടാം അർദ്ധവർഷം | എം.എൽ പ്രസാദ് പാർട്ട് ടൈം ശാന്തി | 16700 X6+2500= | 750 | 1000 |
| നേഴ്സിംഗ് ഹോം ,കാപ്പിൽ | ഒന്നാം അർദ്ധവർഷം | ഡോ.രമേഷ് ബാബു ഡോക്ടർ | 2000x 6=12000 | 750 | 1000 |

പട്ടിക പ്രാകാരം ആകെ 1250 രൂപ നികുതി പഞ്ചായത്തിന് നഷ്ടമായി.

IV ശ്രീമതി .അശ്വതി വിശ്വംബരൻ കെ.എസ്.ഇ.ബി സബ് എൻജിനീയർ ,ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓച്ചിറ എന്നയാൾ രണ്ടാം അർദ്ധവർഷം ശമ്പളം ക്ലെയിംചെയ്തില്ല എന്ന കാരണത്താൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. തുടർന്ന് തൊഴിൽനികുതി ഡിമാൻഡ് ചെയ്തില്ല.

V റെയിൽവേ ഗ്യംഗ്മാൻ കാബിനുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സതേൺ റെയിൽവേ ട്രിവാൻഡ്രം ഡിവിഷനിൽ നിന്നും ഡിമാൻഡ് ചെയ്തീടാക്കുന്നില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം- 14 /തീ- 25-03-2021) മറുപടിയിൽ തൊഴിൽ നികുതി,തൊഴിൽ നികുതി കുടിശ്ശിക എന്നിവ ഡിമാൻഡ് ചെയ്തീടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 സഞ്ചയ ഡേറ്റാ ബേസ് വിവരങ്ങളുടെ പൂർത്തീകരണം -തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാൻഡ് ചെയ്യുന്നതിന് അനിവാര്യം

തനത് വരുമാന സ്രോതസ്സുകൾ യഥാസമയം കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിരന്തരമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവക്ക് സ്ഥിരമായ ഒരു ഡിമാൻഡ് ഇല്ല. ലൈസൻസിനായി സമീപിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രം ലൈസൻസ് ഫീസ് ,ട്രേഡേഴ്സ് തൊഴിൽ നികുതി ചുമത്തുക എന്നരീതി കാലങ്ങളായി അവലംബിച്ചുപോരുന്നു.ഇക്കാരണത്താൽ തന്നെ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ഈ ഇനങ്ങളിലെ വരവ് നൂറ് ശതമാനമാണ്. എന്നൽ വ്യാപരശാലകളുടെ/ വ്യവസായ സ്ഥാപനങ്ങളുടെ സമഗ്രചിത്രം പഞ്ചായത്തിന്റെ പക്കലുണ്ടെങ്കിൽ മാത്രമെ തനത് വരുമാനം നഷ്ടപ്പെട്ടില്ലായെന്ന് ഉറപ്പാക്കാനാവൂ. എന്നാൽ ഇപ്രകാരമൊരു വിവരം പഞ്ചാത്തിന്റെ പക്കലില്ല. വാണിജ്യ /ഓഫീസ് ആവശ്യകെട്ടിടങ്ങളുടെ ഉടമസ്ഥരുടെ വിവരങ്ങൾ പഞ്ചായത്തിന്റെ പക്കലുണ്ടെങ്കിലും ഈ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നവരുടെ പൂർണ്ണ വിവരങ്ങൾ പഞ്ചായത്തിന്റെ പക്കലില്ലായെന്നത് ഒരു ന്യൂനതയായി നിലനിൽക്കുന്നു. എന്നാൽ സഞ്ചയ ഡേറ്റാ ബേസിൽ പൂർണ്ണവിവരങ്ങൾചേർത്ത് അപ് ഡേറ്റ് ചെയ്യുന്നത് ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നീ തനത് വരുമാനങ്ങളിലെ ചോർച്ചയെ തടയുന്നതിന് ഉപകരിക്കും. കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം12(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അസസ്മെന്റ് രജിസ്റ്ററിന്റെ എട്ടാം കോളം കെട്ടിടടത്തിലെ താമസക്കാരന്റെ/ വാടകക്കാരന്റെ / കൈ വശക്കാരന്റെ പേരും വിലാസവും ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം കെട്ടങ്ങളുടെയും താമസക്കാരന്റെ/ വാടകക്കാരന്റെ / കൈ വശക്കാരന്റെ പേരോ വിലാസമോ ഡേറ്റാ എൻട്രി സമയത്തോ തുടർന്നോ രേഖപ്പെടുത്തിയില്ല. ഈ അപൂർണ്ണമായ ഡേറ്റാബേസ് നികുതി /ലൈസൻസ് എന്നിവയിൽ നിന്നും രക്ഷപെടുന്നവരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നില്ല. ആയതിനാൽ തൊഴിൽ നികുതി / ലൈസൻസ് എന്നിവയുടെ സമഗ്രഡേറ്റാബേസ് തയ്യാറാക്കുന്നതിന് സഞ്ചയ സോഫ്റ്റ് വേറിലെ കെട്ടിടങ്ങളുടെ അസസ്മെന്റ് വിവരങ്ങളിലെ കൈവശക്കാരന്റെ / വാടകക്കാരന്റെ വിവരങ്ങൾ ഫീൽഡ് തല അന്വേഷണത്തിലൂടെ പൂർത്തീകരിക്കേണ്ടതാണ്. ഇത് തൊഴിൽ നികുതി/ ലൈസൻസ് നെറ്റ് വർക്കിൽ നിന്നും രക്ഷപെട്ടവരെ കണ്ടെത്തുന്നതിനും അവരെ യഥാസമയം ഡിമാൻഡ് ചെയ്ത് തനത് വരുമാനത്തിന്റെ ചോർച്ചയെ പൂർണ്ണമായും തടയുന്നതിനും സഹായകരമാകുന്നതാണ്. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 945000 തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം - 29/2020

പ്രോജക്ടിന്റെ പേര് - തെങ്ങ് കൃഷി വികസന പദ്ധതി

നിർവഹണം - കൃഷി ഓഫീസർ

തെങ്ങുകൾക്ക് ജൈവവളം വിതരണം ചെയ്യുന്നതിനായാണ് ഈ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത് . ഈ പ്രോജക്ട് പ്രകാരം വേപ്പിൻ പിണ്ണാക്ക് , എല്ലുപൊടി എന്നീ ജൈവവളങ്ങൾ സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . ഗുണഭോക്തൃവിഹിതം പിരിച്ചിട്ടില്ല പകരം ഗുണഭോക്താവ് നേരിട്ട് അടക്കുകയാണ് ചെയ്തിട്ടുള്ളത് . വളം വാങ്ങിയതുമായി ബന്ധപ്പെട്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലിന്റെ പുറകിൽ കൃഷി ഓഫീസർ രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യ പത്രത്തിൽ വേപ്പിൻ പിണ്ണാക്ക് , എല്ലുപൊടി എന്നിവ വിതരണം ചെയ്തു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എത്ര ഗുണഭോക്താക്കൾക്ക് നല്കിയെന്നോ എത്ര അളവ് വീതം നല്കിയെന്നോ രേഖപ്പെടുത്തിയിട്ടില്ല . ഗുണഭോക്താവിന്റെ അപേക്ഷയിൽ കൃഷി അസിസ്റ്റന്റിന്റെ സ്ഥലപരിശോധന റിപ്പോർട്ട് , കൃഷി ഓഫീസറുടെ മൂല്യനിർണയ സാക്ഷ്യ പത്രം എന്നിവ രേഖപ്പെടുത്തിയിട്ടില്ല . ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം അയാൾ എത്ര കിലോ വളം വാങ്ങി , ഗുണഭോക്തൃ വിഹിതമിനത്തിൽ വളം വാങ്ങിയ സ്ഥാപനത്തിൽ അയാൾ അടച്ച തുക എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല . ഗുണഭോക്താക്കളുടെ മുഴുവൻ അപേക്ഷയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . ( ക്രമ നം 139 മുതൽ 239 വരെയുള്ള അപേക്ഷകളാണ് ലഭ്യമാക്കിയിട്ടുള്ളത് ) . വളം വാങ്ങലുമായി ബന്ധപ്പെട്ട് 19 ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്ന് തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ബില്ലിനനുബന്ധമായി എത്ര ഗുണഭോക്താക്കൾക്ക് എത്ര വീതം വളം നല്കുന്നതിനായാണ് തുക പിൻവലിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയ കൃഷി ഓഫീസറുടെ നടപടി ഉത്തരവ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . ആകെ എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി യെന്ന് വ്യക്തമാക്കേണ്ടതാണ് . സബ്സിഡി മാർഗ്ഗരേഖ സ . ഉ . (കൈ ) നം 22/2018/ത.സ്വ.ഭ.വ. / 14-02-2018 പ്രകാരം കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വളം വാങ്ങി ഉപയോഗിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ വാങ്ങലുകൾ പർച്ചേസ് കമ്മറ്റി അംഗീകരിച്ചിട്ടില്ല .

ഈ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ട്രഷറി ബിൽ നം | ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക | വളം നല്കിയ സ്ഥാപനം | വളത്തിന്റെ ബിൽ / തീയതി | വാങ്ങിയ വളത്തിന്റെ അളവ് | ബില്ലിലെ തുക |
|---|---|---|---|---|---|
| 03/19-20/04-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 29/13-01-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 04/19-20/04-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 30/18-01-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 05/19-20/04-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 31/23-01-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 06/19-20/04-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 32/28-01-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 07/19-20/04-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 33/05-02-2020 | നീം കേക്ക്-950 Kg | 66500 (ഗുണ.വിഹിതം -16625 |

| | | | | | |
|---|---|---|---|---|---|
| | | | | ബോൺ മീൽ 950 Kg | സബ്സിഡി - 49895 ) |
| 08/19-20/04-03-20v | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 34/07-02-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 09/19-20/04-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 35/10-02-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 10/19-20/04-03-20 | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം . | ബിൽ നം. , തീയതി എന്നിവ രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 11/19-20/04-03-20 | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം . | ബിൽ നം. , തീയതി എന്നിവ രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 12/19-20/04-03-20 | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം . | ബിൽ നം. , തീയതി എന്നിവ രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 13/19-20/04-03-20 | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം . | ബിൽ നം. , തീയതി എന്നിവ രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 14/19-20/04-03-20 | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം . | ബിൽ നം. , തീയതി എന്നിവ രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 15/19-20/04-03-20 | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം . | ബിൽ നം. , തീയതി എന്നിവ രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 16/19- | 49875 | കാപ്പിൽ സർവീസ് കോപറേറ്റീവ് | ബിൽ നം. , തീയതി എന്നിവ | നീം | 66500 |

| | | | | | |
|---|---|---|---|---|---|
| 20/04-03-20 | | ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം | രേഖപ്പെടുത്താത്ത വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ | കേക്ക്-950 Kg ബോൺ മീൽ 950 Kg | (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 17/19-20/15-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 36/13-02-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 18/19-20/15-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 38/18-02-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 19/19-20/15-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 41/13-03-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 20/19-20/15-03-20 | 49875 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 42/13-03-2020 | നീം കേക്ക്-950 Kg ബോൺ മീൽ 950 Kg | 66500 (ഗുണ.വിഹിതം -16625 സബ്സിഡി - 49895 ) |
| 21/19-20/15-03-20 | 47250 | അമൃതം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ , കാപ്പിൽ പി .ഒ . , കൃഷ്ണപുരം | 43/16-03-2020 | നീം കേക്ക്-900 Kg ബോൺ മീൽ 900 Kg | 63000 (ഗുണ.വിഹിതം -15750 സബ്സിഡി - 47250 ) |

ആകെ 945000

ഇതിൽ കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം -1594 , കാപ്പിൽ ഈസ്റ്റ് കൃഷ്ണപുരം എന്ന സ്ഥാപനത്തിന്റേതായി ലഭ്യമാക്കിയ ബില്ലിൽ ബിൽ നം , തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല . പകരം വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് . അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 11/ 25 -03- 21ന് നല്കിയ മറുപടിയിൽ 25% ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ചിട്ടുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പിന്റെ അറിവോടെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും കാപ്പിൽ സർവീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ ബില്ലിൽ ബിൽ നം . തീയതി എന്നിവ രേഖപ്പെടുത്താതിരുന്നത് ആ സമയത്തെ സൊസൈറ്റിയിലെ തിരക്ക് മൂലമാണെന്നും വിശദീകരിക്കുന്നു. എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയെന്നത് കൃഷി ഓഫീസർ മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ല . മേൽ സൂചിപ്പിച്ചിട്ടുള്ള മറ്റപാകതകൾക്ക് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല . എത്ര ഗുണഭോക്താക്കൾക്ക് എത്ര വീതം വളം വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് . ഗുണഭോക്തൃ വിഹിതം നിർവഹണോദ്യോഗസ്ഥ പിരിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്താവ് വളം വിതരണം ചെയ്ത സ്ഥാപനത്തിൽ ഒടുക്കിയ ഗുണഭോക്തൃ വിഹിതമിനത്തിലുള്ള തുകയുടെ കൃത്യമായ കണക്ക് വളം വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് . ജി .ഒ. (പി ) നം. 259/2010/Lsgd/08 -11 – 2010 ഖണ്ഡിക 4.2 ൽ നിഷ്കർഷിക്കും പ്രകാരമുള്ള വാങ്ങൽ സമിതി രൂപീകരിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ് .പദ്ധതി സംബന്ധിച്ച് മോണിട്ടറിംഗ് സമിതി മോണിട്ടർ ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 945000രൂപ തടസ്സത്തിൽ വയ്ക്കുന്നു .

.

## 1-19 സമയബന്ധിതമായി പ്രവൃത്തി നടത്താതിരുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ

ഈടാക്കിയില്ല

2017-18വർഷം എഗ്രിമന്റ് വച്ച് ഏറ്റെടുത്ത ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നിട്ടും 2012-ലെ പുതുക്കിയ കേരള പി.ഡബ്ല്യൂ.ഡി മാനവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കുകയോ, സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. എഗ്രിമന്റ് പ്രകാരം നാലുമാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തികൾ നിർവ്വഹണ കാലയളവിനുശേഷവും ആരംഭിച്ചിരുന്നില്ല. എന്നാൽ പ്രവൃത്തിയുടെ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ ആവശ്യപ്പെട്ടതായോ, എൻജിനീയർ ഇതിലേക്കായി പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തതായോ രേഖയില്ല. പഞ്ചായത്തുകമ്മിറ്റിയുടെ 8-3-19ലെ 1-4 നംപർ തീരുമാനത്തിൽ കരാറുകാരുടെ പേര് പറയാതെ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിർവ്വഹണ കാലയളവ് 2019 ജനവരി 30 വരെ നീട്ടി നൽകിയിരുന്നുവെന്നും, എന്നാൽ മെറ്റീരിയൽസ് ലഭിക്കാൻ കാലതാമസം അനുഭവപ്പെടുന്നതായി എൻജിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണ സമയം 31-3-19 വരെ നീട്ടി നൽകുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ഇതു സംബന്ധമായി കരാറുകാരുടെ അപേക്ഷയോ, എൻജിനീയറുടെ ശുപാർശയോ ഫയലുകളിൽ ഇല്ല.കൂടാതെ പഞ്ചായത്തിൽ ഇതേകാലയളവിൽ എഗ്രിമന്റ് വച്ച ഭൂരിഭാഗം റോഡുവർക്കുകളും നിശ്ചിത കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഒരു കരാറുകാരന്റെ മാത്രം ഒന്നിലധികം പ്രവൃത്തികൾക്കു മെറ്റീരിയൽസ് ലഭ്യമല്ല എന്ന കാരണം പറഞ്ഞ് പിഴ ഒഴിവാക്കിയ നടപടി അംഗീകരിക്കാവുന്നതല്ല.30-1-19 വരെയുള്ള ദീർഘീകരണം അംഗീകരിച്ചാൽപോലും ശേഷിച്ച കാലയളവിന് പിഴ ഈടാക്കാതിരുന്നത് ക്രമപ്രകാരമല്ല. PWD മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് (പൂർത്തീകരണ കാലയളവിന്റെ 25%)PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പൂർത്തീകരണ കാലാവധിയുടെ പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഈ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിരുന്നിട്ടും (ക്രമ നം: 7)മതിയായ കാരണങ്ങളില്ലാതെ കരാറുകാരന് പിഴ ഒഴിവാക്കി നൽകുക വഴി ചുവടെ ചേർക്കും പ്രകാരം അധികചെലവുണ്ടായിട്ടുണ്ട്.

| പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | കരാറുകാരൻ | പിഎസി | എഗ്രിമന്റ് നം./ തീയതി | പ്രവൃത്തിയുടെപൂർത്തീകരണ കാലയളവ് | ദീർഘിപ്പിച്ച നൽകിയ തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ | ട്രഷറി ബിൽ നം. / തീയതി |
|---|---|---|---|---|---|---|---|---|
| ശീലാ-ന്തറ പാലം റോഡ് IIമെറ്റലിംഗ്,ടാറിംഗ് 122/20 | M കെജയചന്ദ്രൻ | 318558 | 09/17-18/ 08-12-17 | 4 മാസം | 31-01-19 | 28-02-19 | 9557 (3%) | 37/17-8-19 |
| വെള്ളൂർമുക്ക്-കറുകത്തറ മുക്ക് റോഡ് റീ ടാറിംഗ് (119/20) | M കെജയചന്ദ്രൻ | 247455 | 08/17-18/ 08-12-17 | 4 മാസം | 31-01-19 | 21-03-19 | 7424 (3%) | 11/10-7-19 |
| പൂരക്കൽ-ഭരണിക്കാവ് പഞ്ചായത്ത് അതിർത്തി റോഡ് സെക്കന്റ് മെറ്റലിംങ്ങും ടാറിങ്ങും (116/20) | M കെജയചന്ദ്രൻ | 391106 | 12/17-18/ 08-12-17 | 4 മാസം | 31-01-19 | 05-03-19 | 11733 (3%) | 34/17-8-19 |
| ഹോമിയോ ആശുപത്രി-കട്ടവിനാൽ റോഡ് സെക്കന്റ് മെറ്റലിംങ്ങും ടാറിങ്ങും (117/20) | M കെജയചന്ദ്രൻ | 363013 | 11/17-18/ 08-12-17 | 4 മാസം | 31-01-19 | 06-03-19 | 10890 (3%) | 36/17-8-19 |
| ഗുരുമന്ദിരം-വാത്തിപ്പറമ്പ് റോഡ് III റീച്ച് സെക്കന്റ് മെറ്റലിംങ്ങും ടാറിങ്ങും (118/20) | M കെജയചന്ദ്രൻ | 661261 | 26/17-18/ 09-01-18 | 4 മാസം | 31-01-19 | 06-03-19 | 19838(3%) | 17/10-7-19 |
| വലിയവീട്ടിൽ-വലിയതറ മുക്ക് റോഡ് സെക്കന്റ് | M കെജയചന്ദ്രൻ | 211470 | 13/17-18/ 08-12-17 | 4 മാസം | 31-01-19 | 20-03-19 | 6344 (3%) | 9/10-7-19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മെറ്റലിംങ്ങും ടാറിങ്ങും (121/20) | | | | | | | | |
| ആകെ | | | | | | | 65786 | |

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും, രേഖകൾ ഉള്ളപക്ഷം ആയത് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം :19/26-3-21) കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എൻജിനീയർ മറുപടി നൽകി. കരാറുകാരനിൽ നിന്നും പിഴ ഈടാക്കി ഒടുക്കു വരുത്താത്തപക്ഷം ഇത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-20 ആയുർവേദ സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ-സാങ്കേതികാനുമതി തുകയിൽ അധികരിച്ചുള്ള ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ |
| പ്രോജക്ട് നം | 166/20 |
| എസ്റ്റിമേറ്റ് | 64000 |
| കരാറുകാരൻ | സനൽകുമാർ |
| എഗ്രിമന്റ് നം/തീയതി | 14/07-09-19 |
| അളവു പുസ്തക നം | 3/19-20 |
| പിൻവലിച്ച തുക | 69072 |
| ബിൽ നം /തീയതി | 43/18-1-20 |

ഈ പ്രവൃത്തിയ്ക്കായി District Level Technical Committee For Electrification Works (DLTCE) തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് ആലപ്പുഴ എൽ എസ് ജി ഡി വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ആണ്. ഈ സാങ്കേതികാനുമതി രേഖ പ്രകാരം ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 64000/- രൂപയായിരുന്നു (DLT No.23/EE/EL/LSGD/19-20/4-7-19). എന്നാൽ പ്രവൃത്തിയുടെ ബിൽ പ്രകാരം നികുതികൾ ഉൾപ്പടെ പിൻവലിച്ചിട്ടുള്ളത് 69072/- രൂപയാണ്. സാങ്കേതികനുമതി തുകയിൽ അധികരിച്ച് തുക പിൻവലിക്കുന്നത് അനുവദനീയമല്ലെന്നിരിക്കെ ഈ നടപടി മൂലം 5072/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. ഇതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം:8/24-3-21) മറുപടിയിൽ കരാറുകാരന് അധികമായി നൽകിയ 5072/-രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എൻജിനീയർ മറുപടി നല്കി. അധിക ചെലവായ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇത് കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കാത്തപക്ഷം ഉത്തരവാദിയായ അസി.എൻജിനീയറുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-21 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-മുൻകൂറായി തുക നൽകി ഒരുവർഷം കഴിഞ്ഞിട്ടും പ്രിന്റർ ലഭ്യമായിട്ടില്ല

അസി.എൻജിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണ ഭാഗമായി (പ്രോജക്ട് നം:180/20) 54855/- രൂപ പിൻവലിച്ച് കെൽട്രോണിന് മുൻകൂറായി നല്കിയിരുന്നു(ബിൽ നം 45/18-01-20). കെൽട്രോൺ ഹാജരാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് ഡസ്ക്ടോപ്പ് കംപ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി തുക പിൻവലിച്ച നൽകിയിട്ടുള്ളത്. ഇതിൽ കംപ്യൂട്ടർ ഒരുവർഷത്തിനു ശേഷം 17-03-21ൽ ലഭ്യമായിട്ടുണ്ടെങ്കിലും പ്രിന്റർ ലഭിച്ചിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം:7/24-3-21) മറുപടിയിൽ പ്രിന്റർ ലഭിച്ചിട്ടില്ലായെന്നും, അതിന്റെ തുക തിരിച്ചുക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അസി.എൻജിനീയർ മറുപടി നല്കി. തുക തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്കു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.
2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും അവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

ഈ അപാകതകൾ മുൻ റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും പരിഹാരനടപടികൾ സ്വീകരിച്ചിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് പ്രവൃത്തികളുടെ ഇരട്ടിപ്പിനും അതുവഴി അധികചെലവിനും,ആസ്തികളുടെ കൈയ്യേറ്റത്തിനും ഇടയാക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 നമ്മൾ നമുക്കായി -ജനകീയ ക്യാമ്പയിൻ

അതി ജീവനക്ഷമതയുള്ള ഒരു കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി ബഹു.സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത ഒരു ജനകീയ

ക്യാമ്പയിൻ ആണ് നമ്മൾ നമുക്കായി എന്നത് . 2018-ലെ മഹാ പ്രളയത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ട് പ്രാദേശികമായി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും , ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജന പങ്കാളിത്തത്തോടെ നടത്തുവാൻ ഈ ക്യാമ്പയിൻ ജനങ്ങളെ പ്രാപ്തരാക്കുന്നു . തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ 79% ജനങ്ങളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ് . പ്രകൃതി ദുരന്തങ്ങൾ നേരിടേണ്ട സാഹചര്യങ്ങളിൽ ഈ കുടുംബങ്ങൾക്ക് അടിയന്തിര സഹായം ലഭ്യമാക്കേണ്ടതുണ്ട് . ഭരണ സമിതിയുടെ 27.01.2020ലെ 2(1) തീരുമാന പ്രകാരം ദുരന്ത പ്രതിരോധ / നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പഞ്ചായത്തിലെ ഭരണ സമിതി , പുറത്തു നിന്നും ക്ഷണിക്കാവുന്നവർ , പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ , മുന്നറിയിപ്പ് ടീം , ഷെൽട്ടർ മാനേജ്മെന്റ് ടീം ,പ്രഥമ ശുശ്രൂഷ /ബേസിക് ലൈഫ് സപ്പോർട്ട് ടീം ,സന്നദ്ധ പ്രവർത്തനങ്ങൾക്കായി 17 വാർഡുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെയും ഉൾപ്പെടുത്തി ദ്രുത കർമ്മ സേന രൂപീകരിച്ച് ആസൂത്രണ രേഖ പുറപ്പെടുവിച്ചു . അതി ജീവനത്തിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട് . ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് .

## 1-24 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും )ചട്ടങ്ങളിലെ ചട്ടം 3 (1)പ്രകാരം പ്രകൃതി ക്ഷോഭം , രോഗാതി ദുരിതങ്ങൾ എന്നിവ മൂലം കഷ്ടപ്പെടുന്ന പഞ്ചായത്ത് നിവാസികളായുള്ളവർക്ക് ആശ്വാസ ധനം അനുവദിക്കുന്നതിലേക്ക് ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും ചട്ടം 3(2) പ്രാകാരം ഈ നിധിയിലേക്കുള്ള ധന ശേഖരണാർത്ഥം കലാ പിപാടികൾ സംഘടിപ്പിക്കുക , സംഭാവന സ്വീകരിക്കുക എന്നിവ ചെയ്യാവുന്നതുമാണ് .

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ മേൽ ചട്ട പ്രകാരമുള്ള നിധി രൂപീകരിച്ച് അടിയന്തിര സാഹചര്യങ്ങളിൽ ആശ്വാസ ധനം അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല . ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/22.03.2021 നുള്ള മറുപടിയിൽ നിധി രൂപീകരണം പഞ്ചായത്ത് ജനറൽ കമ്മിറ്റിയിൽ തീരുമാനത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നും അറിയിച്ചു.

ധനം സ്വരൂപിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ ചട്ടത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇത് തനതു ഫണ്ടിന് അധിക ബാദ്ധ്യത വരുത്തുന്നില്ല . വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-25 ഹരിത കർമ്മ സേനയ്ക്കായുള്ള പ്രോജക്ട് നടപ്പായില്ല

1994-ലെ കേരള പഞ്ചായത്ത് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വിഭജിച്ചു നല്കിയ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് ഖരമാലിന്യങ്ങൾ ശേഖരിയ്ക്കുകയും കയ്യൊഴിയുകയും ചെയ്യുക , ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുക എന്നിവ .

കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് 2019-20 കാലയളവിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 196/19-20 ആയി ഹരിത കർമ്മ സേനയുടെ പ്രവർത്തന ചെലവുകൾ എന്ന പേരിൽ 1,20,000/-രൂപ അടങ്കലിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ഒരു പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും തൻ വർഷം അത് നടപ്പാക്കിയില്ല .

അനിവാര്യ ചുമതലകളിൽപ്പെട്ട പദ്ധതികൾ/ പ്രവൃത്തികൾ വീഴ്ച കൂടാതെ നടപ്പാക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് . വിഷയം ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-26 അഗതികൾ അവഗണിയ്ക്കപ്പെടുന്നു

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി അഗതി ആശ്രയ പദ്ധതി നിഷ്ക്രിയമാണ് . അഗതികൾക്ക് ആശ്രയമേകേണ്ട സിഡിഎസ് ൽ 2005-06 ൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് വിജലൻസ് അന്വേഷണം വരികയും നിലവിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ മന്ദീഭവിച്ച അവസ്ഥയിലുമാണ് . എസ്.ബി.ഐ കായംകുളം ശാഖയിൽ സി.ഡി.എസ് ന്റേതായി ഉണ്ടായിരുന്ന അക്കൗണ്ട്(നം.0030010773929) മരവിപ്പിക്കുകയും ഇതിലുള്ള 1445036.13/- രൂപ നിഷ്ക്രിയമായി തുടരുകയും ചെയ്യുന്നു .

1. പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ഘട്ടം | ഫണ്ട് | വകയിരുത്തൽ | ചെലവഴിച്ചത് | കുറിപ്പ് |
|---|---|---|---|---|
| ഒന്ന് | വികസന ഫണ്ട് | | | ഒന്നാം ഘട്ട പദ്ധതിയുടെ എല്ലാ രേഖകളും വിജിലൻസ് പരിശോധനയ്ക്കായി കൊണ്ടു പോയതിനാൽ വിവരം ലഭ്യമല്ല |
| | ചലഞ്ച് ഫണ്ട് | | | |
| രണ്ട് | വികസന ഫണ്ട് | 168350 | 168350 | |
| | ചലഞ്ച് ഫണ്ട് | 1013334 | 784454 | |
| അഗതി രഹിത കേരളം | ചലഞ്ച് ഫണ്ട് | 837770 | 811750 | |

2.ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷണത്തിനുവേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ് . എങ്കിലും അഗതി രഹിത കേരളം പദ്ധതിയിൽ 2019-20ൽ ഗുണഭോക്താക്കൾക്ക് കൗൺസിലിംഗ് നല്കിയതൊഴികെ മറ്റ് ചികിൽസാ സഹായം ലഭിക്കുന്നില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

3.വിലയിരുത്തൽ സമതികൾ നിഷ്ക്രിയം

ആശ്രയപദ്ധതി മോണിറ്ററിംഗിനായി ഒരു വിലയിരുത്തൽ ഉപസമതി രൂപീകരിക്കേണ്ടതാണ്.പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും , ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ , സെക്രട്ടറി,സി.ഡി.എസ്സ് ചെയർപെഴ്സൺ ,മെമ്പർ സെക്രട്ടറി , മെഡിക്കൽ ഓഫീസർ , അംഗൻവാടി സൂപ്പർവൈസർ , സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം,ഈരംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഈ സമതി ആശ്രയപ്രോജക്ടുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ് . കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും 2019-20 ൽ ഈവിധത്തിലുള്ള വിലയിരുത്തലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നോ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല .11.10.2018-ൽ മാത്രമാണ് അവസാനമായി വിലയിരുത്തൽ സമിതി യോഗം ചേർന്നിട്ടുള്ളത് .

ഒന്നാം ഘട്ട പദ്ധതിയുടെ വിജിലൻസ് പരിശോധന പൂർത്തിയാകുന്ന മുറയക്ക് സിഡിഎസ് പുന:സംഘടിപ്പിച്ച്, അക്കൗണ്ട് പുനരുജ്ജീവിപ്പിക്കനുള്ള നടപടികൾ സ്വീകരിയ്ക്കുകയും അഗതികൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നല്കേണ്ടതുമാണ് .

## 1- 27 ഗ്രാമസഭ നിയമാനുസൃതം യോഗം ചേരുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ 2019-20 വർഷം കൃഷ്ണപുരം പഞ്ചായത്തിലെ 14 വാർഡുകളിലും നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. ആകെ രണ്ട് തവണ മാത്രമാണ് ഗ്രാമസഭകൾ യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ജൂലൈ | വാർഡ് വികസന പ്രവർത്തനങ്ങൾ |
| 2 | 2020 ജനുവരി | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഗ്രാമ സഭയിൽ അംഗീകരിയ്ക്കൽ , ഗുണഭോക്തൃ തെരഞ്ഞെടുപ്പ് |

ഗ്രാമ സഭയിൽ നിയമാനുസൃതം നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ വീഴ്ച വരുത്തുന്നുണ്ട് . ഗ്രാമ സഭ യഥാസമയം വിളിച്ചു ചേർക്കുന്നതിനും ഭരണ പരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമ സഭയിൽ ചർച്ച ചെയ്ത് അവ നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് .

## 1-28 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 37500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട്നം ./പേര് : | 52/19-20 ,തുല്യതാ പഠനം |
| അടങ്കൽ / ഫണ്ട് | 37500 (വികസന ഫണ്ട് ) |
| ചെലവ് | 37500 |
| ചെലവ് രേഖകൾ - ബിൽ നം . / തീയതി | 1/19-20 / 18.11.2019 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ തുല്യതാ പഠനം എന്ന പദ്ധതിയ്ക്കായി 37500/- രൂപ ചെലവഴിച്ചു . ഈ തുക സംസ്ഥാന സാക്ഷരതാ മിഷനിൽ അടച്ചതിന്റെയോ തുകയുടെ കൈപ്പറ്റു വിവരമോ ഫയലിൽ ലഭ്യമായിരുന്നില്ല . എന്നാൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 20.02.2017 ലെ എ6-2916/16 നം. കത്താണ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നത് . ഈ കത്ത് എച്ച് .എം ,ഗവ.യു.പി.എസ് , മഴക്കീർ ,കല്ലിശ്ശേരി , ചെങ്ങന്നൂർ എന്ന മേൽ വിലാസത്തിലുള്ളതുമാണ് . യഥാർത്ഥ ചെലവു രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-10/തീയതി 25/03/2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നത് വരെ 37500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 പൗരാവകാശരേഖ കാലികമാക്കി സൂക്ഷിയ്ക്കുന്നു

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ - പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടാൽ കഴിയുന്നതും നേരത്തെ, എന്നാൽ ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ഒരു പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥയ്ക്കും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 272 (എ ) ന് വിധേയമായും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ 2016 ൽ അധികാരമേറ്റ ഭരണ സമിതി പൗരാവകാശരേഖ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

16.02.2019 ലെ 10(1) നമ്പർ തീരുമാനപ്രകാരം പൗരാവകാശരേഖ പുതുക്കിയിട്ടുണ്ട് എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/22.03.2021 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട് . പുതിയ ഭരണ സമിതി അധികാരമേറ്റ സാഹചര്യത്തിൽ പൊതു ജനങ്ങൾക്ക് പഞ്ചായത്ത് മുഖേന ലഭ്യമാകുന്ന സേവനങ്ങളും സഹായങ്ങളും ഉൾപ്പെടുത്തി പുതുക്കിയ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-30 ലൈഫ് പദ്ധതി - അവലോകനം

കേരളം അഭിമുഖീകരിയ്ക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവ കേരളം സൃഷ്ടിയ്ക്കുക എന്ന

ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണ് നവകേരളം കർമ്മ പദ്ധതി. നാല് വികസന മിഷനുകൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിയിൽ ഒന്നാമതായി ഉൾപ്പെട്ട സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ - ന്റെ പ്രവർത്തനങ്ങൾ 2017-18 മുതൽ കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കി വരുന്നു .

വി.ഇ.ഒ നിർവ്വഹണ ഉദ്യാഗസ്ഥയായി 2019-20 വർഷം ജനറൽ വിഭാഗത്തിനും എസ് . സി /എസ്.ടി വിഭാഗങ്ങൾക്കും പ്രത്യേകമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഈ പദ്ധതിയിൽ ആവിഷ്കരിച്ച നടപ്പാക്കി .

1. ലൈഫ് പദ്ധതിയ്ക്കായി 2019-20ൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം

| ക്രമ നം | പ്രോജക്ട് നം/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | 71/19-20ലൈഫ് ഭവന പദ്ധതി(ജനറൽ) | 2901000(വികസന ഫണ്ട് ജനറൽ)<br>1800000(സംസ്ഥാന ഫണ്ട് )<br>2000000(ബ്ലോക്ക് വിഹിതം)<br>3399000(മറ്റുള്ളവ)<br>10040000 | 2901000(വികസന ഫണ്ട്ജനറൽ)<br>0 (സംസ്ഥാന ഫണ്ട് )<br>1344181 (ബ്ലോക്ക് വിഹിതം)<br>1900000(മറ്റുള്ളവ)<br>6145181 |
| 2. | 72/19-20ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 41000(വികസന ഫണ്ട്ജനറൽ)<br>1330000(വികസന ഫണ്ട്എസ്.സി.പി)<br>1400000(സംസ്ഥാന ഫണ്ട് )<br>2000000(ബ്ലോക്ക് വിഹിതം)<br>829000(മറ്റുള്ളവ)<br>5600000 | 41000(വികസന ഫണ്ട്ജനറൽ)<br>1330000(വികസനഫണ്ട്എസ്.സി.പി)<br>0 (സംസ്ഥാന ഫണ്ട് )<br>509000(ബ്ലോക്ക് വിഹിതം)<br>0 (മറ്റുള്ളവ)<br>1880000 |
| 3. | 145/19-20ലൈഫ് ഭവന നിർമ്മാണ പദ്ധതി(ജനറൽ)സ്പിൽ ഓവർ | 12200000(സംസ്ഥാന ഫണ്ട് )<br>174000(ബ്ലോക്ക് വിഹിതം)<br>3486000(മറ്റുള്ളവ)<br>15860000 | 10210000(സംസ്ഥാന ഫണ്ട് )<br>174000(ബ്ലോക്ക് വിഹിതം)<br>2920000(മറ്റുള്ളവ)<br>13304000 |
| 4. | 147/19-20ലൈഫ് പദ്ധതി-ഭവന നിർമ്മാണം (എസ്.സി.പി)സ്പിൽ ഓവർ | 563856(വികസന ഫണ്ട്എസ്.സി.പി)<br>100000(സംസ്ഥാന ഫണ്ട് )<br>663856 | 463856(വികസന ഫണ്ട്എസ്.സി.പി)<br>100000(സംസ്ഥാന ഫണ്ട് )<br>563856 |
| 5. | 149/19-20ലൈഫ് ഭവന നിർമ്മാണ പദ്ധതി(എസ്.സി.പി)സ്പിൽ ഓവർ | 100000(സംസ്ഥാന ഫണ്ട് )<br>576000(ബ്ലോക്ക് വിഹിതം)<br>84000(ജില്ലാ പഞ്ചാ.വിഹിതം)<br>760000 | 100000(സംസ്ഥാന ഫണ്ട് )<br>576000(ബ്ലോക്ക് വിഹിതം)<br>84000(ജില്ലാ പഞ്ചാ.വിഹിതം)<br>760000 |
| 6. | 181/19-20ലൈഫ് ഭവന പദ്ധതി -പട്ടിക വർഗ്ഗം | 23000(ടി.എസ്.പി)<br>100000(സംസ്ഥാന ഫണ്ട് )<br>477000(ബ്ലോക്ക് വിഹിതം)<br>600000 | 23000(ടി.എസ്.പി)<br>0 (സംസ്ഥാന ഫണ്ട് )<br>187000(ബ്ലോക്ക് വിഹിതം)<br>210000 |

2. 2017-18 മുതൽ 2019-20 വരെ ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിവരം

| വർഷം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് | ജില്ലാ പഞ്ചായത്ത് | ഹഡ്കോ | സംസ്ഥാന |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വിഹിതം | വിഹിതം | വിഹിതം | ലോൺ | വിഹിതം |
| 2017-18 | 3120000 | - | - | - | - |
| 2018-19 | 7561394 | 2076000 | 1395212 | 21214357 | - |
| 2019-20 | 4758856 | 2790181 | 84000 | 4820000 | 10410000 |

3. 2019 -20 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ- 157

ജനറൽ ,എസ്.സി വിഭാഗങ്ങളിലായി പൂർത്തീകരിച്ചവയുടെ എണ്ണം- 112

ഭാഗികമായി മാത്രം പൂർത്തിയാക്കിയവരെ സംബന്ധിച്ച വിവരം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള തുക | സ്വീകരിച്ചിട്ടുള്ള നടപടി |
|---|---|---|---|
| 1 | ഓമന ഓറുകാട്ട് | 40000 | പണി പൂർത്തീകരിച്ച് തുക കൈപ്പറ്റുന്നതിന് അറിയിപ്പ് നല്കിയിട്ടുണ്ട് |
| 2 | സമീന,റിസ്വാന മൻസിൽ | 40000 | |
| 3 | സുജാത ,ഭദ്രാലയം | 260000 | |
| 4 | രാജേശ്വരി,അഭിനന്ദ് ഭവനം | 40000 | |
| 5 | രാധാമണി ,രാധാലയം | 40000 | |
| 6 | മനോജ് കമാർ ,വലിയത്ത് തറയിൽ | 300000(പണി പുരോഗമിക്കുന്നു) | |

*ഓഡിറ്റ് അന്വേഷണം നം .3/20.03.2021 ന് വി.ഇ.ഒ നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് .

## 1-31 മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് നം/ പേര് -79/19-20/ സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ . 500000(വി.ഫ)

200000(ബ്ലോക്ക് വിഹിതം)

700000

ചെലവ് . 494111

199944

694055

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ബിൽ നം 13/19-20/ 22.01.2020 പ്രകാരം പിൻവലിച്ച 199944/-രൂപയിൽ 195000/-രൂപ , മരുന്നും ഉപകരണങ്ങളും വാങ്ങുന്നതാനായി കാരുണ്യ മെഡിസിൻ ഡിപ്പോയ്ക്ക് മുൻകൂറായി നല്കി . എന്നാൽ മരുന്നിന്റെയും ഉപകരണങ്ങളുടെയും ലഭ്യത പൂർണ്ണമായിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു .

| പ്രോഫോർമ ഇൻവോയിസ് നം / തീയതി | തുക | ഇൻവോയിസ് നം /തീയതി / മരുന്ന് ലഭിച്ചത് (രൂപയിൽ) | | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|
| PRF 3269/16.12.2019 | 195000 | 11727/11.03.20 | 28673/- | 43604/- |
| | | 12641/24.03.20 | 29209/- | |
| | | 3745/09.06.20 | 22879/- | |
| | | 1389/01.05.20 | 47987/- | |
| | | 4792/26.06.20 | 22648/- | |
| | | ആകെ | 151396 | |

അഡ്വാൻസായി തുക അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഇനിയും മരുന്നും ഉപകരണങ്ങളും ലഭിയ്ക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 2 /20.03.2021 ന് കെ.എം.സി.എൽ ന് രേഖാമൂലം 09.03.2020 ,01.03.2021 തീയതികളിൽ അറിയിപ്പ് നല്കിയിട്ടുണ്ടെന്നും ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കൂടി ഉൾപ്പെട്ട പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ടെന്നും മറുപടി നല്കി.

മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമാകാത്ത സാഹചര്യത്തിൽ മുൻകൂറായി ല്കിയ 43604/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . ഇവയുടെ ലഭ്യതയുടെ വിവരം അറിയിക്കേണ്ടതാണ് .

## 1-32 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലും അങ്കണവാടികൾക്കായി അനുവദിച്ച കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല.

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ ആകെ 20 അങ്കണവാടികൾ പ്രവർത്തിക്കുന്നു . ഇവയിൽ 16എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് . 4 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു . മൂന്നെണ്ണത്തിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണി ആരംഭിച്ചിട്ടില്ല . ഇവയിൽ രണ്ടെണ്ണത്തിന് എം.എൽ .എ ഫണ്ട് ലഭിച്ചിട്ടുണ്ട് . സ്വന്തമായി കെട്ടിടമുള്ളതിൽ പത്ത് അങ്കണവാടികൾക്ക് കിണർ , അഞ്ചെണ്ണത്തിന് വാട്ടർ കണക്ഷൻ, ഒരെണ്ണത്തിന് കുഴൽ കിണർ എന്നിവ ഉണ്ട്. മറ്റ് അംഗണവാടികളുടെ കുടിവെള്ള സ്രോതസ്സ് വ്യക്തമല്ല .

പതിനഞ്ച് അംഗണവാടികൾക്ക് ചുറ്റുമതിലും ഒരു ബേബി ഫ്രണ്ട് ലി ഉൾപ്പടെ പതിനാറെണ്ണത്തിന് ടോയ് ലെറ്റും ഉണ്ട് . കളിപ്പാട്ടങ്ങൾ , ഗ്യാസ് കണക്ഷൻ എന്നിവ എല്ലാ അംഗണവാടികളിലും ഉണ്ട് .

2019-20 കാലയളവിൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റോടെയാണ് അംഗണവാടികൾ പ്രവർത്തിച്ചിരുന്നതെങ്കിലും നിലവിൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല . വാർഡ് 11 ലെ മാതൃക അംഗണവാടിയുടെ എസി. ടിവി . കമ്പ്യൂട്ടർ എന്നിവ നിലവിൽ പ്രവർത്തിയ്ക്കുന്നില്ല

അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും ഇനിയും നാല് അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ് . സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും ,കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും , മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ (എം .എസ് )29/2012 ത.സ്വ.ഭ.വ /03.09.2010ഉത്തരവിലെ നിർദ്ദേശത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന കേന്ദ്ര വിഹിതം അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി വിനിയോഗിക്കാനുള്ള അനുമതി നല്കിയിരിക്കുന്നു .

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുമ്പോഴുംഅങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി വിവിധ വർഷങ്ങളിൽ അനുവദിച്ച കേന്ദ്ര വിഹിതമായ421235/-രൂപ വിനിയോഗിക്കപ്പെടാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു . ഈ തുക ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ് .

## 1-33 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി TDS -ഈടാക്കിയിട്ടില്ല .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. സപ്ലൈ ചെയ്ത സാധനങ്ങളുടേതായി സെക്രട്ടറിയുടെ പേരിൽ കരാറുകാർ ഹാജരാക്കിയ ബില്ലിൽ GST ഇനത്തിലുള്ള തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. GST രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നും 2.5 ലക്ഷം രൂപയ്ക്കുമേലുള്ള വാങ്ങലുകൾക്ക് ബിൽ തുകയുടെ 2% റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കി കരാറുകാരുടെ പേരിലുള്ള GST അക്കൌണ്ടിലേക്ക് ഒടുക്കുവരുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. (കേന്ദ്ര സർക്കാരിന്റെ 13.09.2018 ലെ 50/2018/സെൻട്രൽ ടാക്സ് നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 2% തുക റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കണമെന്നതിന് 01.10.2018 മുതൽ പ്രാബല്യം ഉണ്ട്.) റ്റി.ഡി.എസ് ഈടാക്കാതിരുന്ന 2.5 ലക്ഷം രൂപയ്ക്കു മുകളിലുള്ള വാങ്ങലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ചെക്കോട്ട് മുക്ക് മുക്രാം വയൽ റോഡ് കോൺക്രീറ്റിംഗ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സപ്ലൈ ചെയ്ത സാധനവില | റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1 | തറയിൽ കളീക്കൽ വയലിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് | ജയചന്ദ്രൻ | 1024427 | 20488 |
| 2 | താച്ചിത്തറമുക്ക് മുതൽ കൊല്ലേത്ത് വരെ റോഡ് കോൺക്രീറ്റിംഗ് | ജയചന്ദ്രൻ | 135738 | 2715 |
| 3 | വലിയതറ മുതൽ പ്ലാങ്കീഴിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 745739 | 14915 |
| 4 | മന്നത്ത് ക്ഷേത്രം കുറ്റിയിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 291276 | 5826 |
| 5 | | 454250 | 9085 | |
| | | | | |

| | | | | |
|---|---|---|---|---|
| 6 | മണപ്പാട്ട് കോളനി റോഡ് കോൺക്രീറ്റിംഗ് | ,, | 588100 | 11762 |
| 7 | കടമ്പാട്ട് പുളിന്താനത്ത് മണ്ണ്ക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | ,, | 474107 | 9482 |
| 8 | പുളിന്താനത്ത് മുടിയിൽ റോഡ് കോൺക്രീറ്റിംഗ് | ,, | 869020 | 17380 |
| | | | ആകെ | 85827 |

റ്റി.ഡി.എസ് ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.05/ 22-03-21) ന് നല്കിയ മറുപടിയിൽ അന്തിമ ബിൽ പ്രകാരമുള്ള TDS തുക സപ്ലൈയർ ഗ്രാമ പഞ്ചായത്തില് നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കിയാണ് ബിൽ പെയ്മെന്റ് നല്കിയിട്ടുള്ളതെന്നും പെയ്മെന്റ് നല്കിയതിന് ശേഷം TDS അടക്കുന്നതിന് സപ്ലൈയർക്ക് നിർദ്ദേശം നല്കിയതായും അറിയിച്ചിട്ടുണ്ട് . സപ്ലൈയറിൽ നിന്ന് റ്റി.ഡി.എസ് ഈടാക്കി ഒടുക്കു വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സ്വകാര്യ സ്ഥലങ്ങളിലൂടെയുള്ള റോഡ് പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്ഥലം പഞ്ചായത്തിന് കൈമാറിക്കിട്ടിയതാണോയെന്ന് രേഖാമൂലം ഉറപ്പാക്കുന്നില്ല. ഈ അപാകത ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും നിർമ്മാണശേഷം റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

.

## 1-34 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

| | |
|---|---|
| ആക്ഷൻപ്ലാൻ പ്രകാരം 19-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 539 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ<br>തൻവർഷം<br>ആകെ | <br>31<br>155<br>186 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം<br>സ്പിൽ ഓവർ പദ്ധതികൾ<br>തൻവർഷം<br>ആകെ | 31<br>155<br>186 |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ഇല്ല |
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 146 |
| പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 19-20 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 1667 |
| 100തൊഴൽദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം | 169 |
| തൻവർഷത്തെ ആകെ ചെലവ്<br>തൊഴിലാളികളുടെ കൂലി<br>Material<br>അഡ്മിനിട്രേറ്റീവ് ചെലവ്<br>ആകെ | <br>28937889<br>6626593<br>900885<br>36465367 |

## ഭാഗം -2

## 2-1 വസ്തുനികുതി നിർണ്ണയം-വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തിയില്ല-8863 രൂപയുടെ വസ്തുനികുതി നഷ്ടമായി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 / 2011 / തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ 2019-20 ലെ വസ്തുനികുതിനിർണ്ണയം സംബന്ധിക്കുന്ന ഫയലുകളുടെ പരിശോധനയിൽ ചുവടെചേർത്തിരിക്കുന്ന കെട്ടിട ഉടമയുടെ കെട്ടിടത്തിന്റെ വസ്തുനികുതി ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരിട്ടുനൽകുകയും ബാധകമായ നികുതി 100 ച.മീറ്ററിന് താഴെയുള്ള നിരക്ക് ചുമത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നികുതിനിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യമെന്നത് മാത്രമായിരുന്നു. പഞ്ചായത്തിനുണ്ടായ നികുതി നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ- തറവിസ്തൃതി | ആകെ തറവിസ്തൃതി | ചുമത്തിയ നികുതിനിരക്ക് @30/ ച.മീ | ചുമത്തേണ്ട നികുതി നിരക്ക് @50/ച.മീ | കുറവ് |
|---|---|---|---|---|---|---|
| 1 | വിജയനാഥൻ പിള്ള / ശ്രീദേവിയമ്മ, കാർത്തിക പുള്ളിക്കണക്ക് | 2/855<br>25.83 ച.മീ | 265.62 ച.മീ | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/856<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/857<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/858<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/859<br>25.83 ച.മീ | | 25.83 X30= 774.9<br>വർദ്ധനവ്-റോഡ്<br>-154.98<br>ആകെ-929.88<br>വസ്തുനികുതി -930<br>ലൈ.സെസ്- 47 | 25.83 X50= 1291.5<br>വർദ്ധനവ്-റോഡ്<br>-258.3<br>ആകെ-1549.8<br>വസ്തുനികുതി -1550<br>ലൈ.സെസ്- 78 | വസ്തുനികുതി-620<br>ലൈ.സെസ്-31 |
| | | 2/861<br>21.15 ച.മീ | | 21.15 X30= 634.5<br>വർദ്ധനവ്-റോഡ് | 21.15 X50= 1057.5<br>വർദ്ധനവ്-റോഡ് | വസ്തുനികുതി-507<br>ലൈ.സെസ്- |

| | | | | | | |
|---|---|---|---|---|---|---|
| | | | | -126.9<br>ആകെ-761.4<br>വസ്തുനികുതി -762<br>ലൈ.സെസ്- 39 | -211.5<br>ആകെ-1269<br>വസ്തുനികുതി -1269<br>ലൈ.സെസ്-<br>64 | 25 |
| | | 2/862<br>28.83 ച.മീ<br>ഒന്നാം നില | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| | | 2/863<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| | | 2/864<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| | | 2/865<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88<br>ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8<br>ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |
| 2 | ശ്രീദേവിയമ്മ<br>കാർത്തിക<br>പുള്ളിക്കണക്ക് | 2/860<br>21.31 ച.മീ | 115.08 ച.മീ | 21.31 X30= 639.3<br>വർദ്ധനവ്-റോഡ്<br>-127.86<br>ആകെ-767.16<br>വസ്തുനികുതി -768<br>ലൈ.സെസ്- 39 | 21.31 X50= 1065.5<br>വർദ്ധനവ്-റോഡ്<br>-213.1<br>ആകെ-1278.6<br>വസ്തുനികുതി -1279<br>ലൈ.സെസ്-<br>64 | വസ്തുനികുതി-511<br>ലൈ.സെസ്-<br>25 |
| | | 2/866<br>28.83 ച.മീ | | 28.83 X30= 864.9<br>വർദ്ധനവ്-റോഡ്<br>-172.98<br>ആകെ-1037.88 | 28.83 X50= 1441.5<br>വർദ്ധനവ്-റോഡ്<br>-288.3<br>ആകെ-1729.8 | വസ്തുനികുതി-657<br>ലൈ.സെസ്-<br>33 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഒന്നാം നില ഇളവ്-51.9<br>വസ്തുനികുതി -987<br>ലൈ.സെസ്- 50 | ഒന്നാം നില ഇളവ്-86.5<br>വസ്തുനികുതി -1644<br>ലൈ.സെസ്-<br>83 | |
| | | 2/867<br>24.31 ച.മീ<br>ഒന്നാം നില | | 24.31 X30= 729.3<br>വർദ്ധനവ്-റോഡ്<br>-145.86<br>ആകെ-875.16<br>ഒന്നാം നില ഇളവ്-43.8<br>വസ്തുനികുതി -833<br>ലൈ.സെസ്- 42 | 24.31 X50= 1215.5<br>വർദ്ധനവ്-റോഡ്-243.1<br>ആകെ-1458.6<br>ഒന്നാം നില ഇളവ്-72.95<br>വസ്തുനികുതി -1387<br>ലൈ.സെസ്-<br>70 | വസ്തുനികുതി-554<br>ലൈ.സെസ്-28 |
| | | 2/868<br>24.15 ച.മീ | | 24.15 X30= 724.5<br>വർദ്ധനവ്-റോഡ്<br>-144.9<br>ആകെ-869.4<br>ഒന്നാം നില ഇളവ്-43.5<br>വസ്തുനികുതി -827<br>ലൈ.സെസ്- 42 | 24.15 X50= 1207.5<br>വർദ്ധനവ്-റോഡ്<br>-241.5<br>ആകെ-1449<br>ഒന്നാം നില ഇളവ്-72.45<br>വസ്തുനികുതി -1377<br>ലൈ.സെസ്-<br>69 | വസ്തുനികുതി-550<br>ലൈ.സെസ്-<br>27 |
| | | 2/869<br>16.48 ച.മീ | | 16.48 X30= 494.4<br>വർദ്ധനവ്-റോഡ്<br>-98.88<br>ആകെ-593.28<br>രണ്ടം നില ഇളവ്-59.4<br>വസ്തുനികുതി -535<br>ലൈ.സെസ്- 27 | 16.48X50= 824<br>വർദ്ധനവ്-റോഡ്<br>-164.8<br>ആകെ-988.8<br>രണ്ടാം നില ഇളവ്-98.9<br>വസ്തുനികുതി -891<br>ലൈ.സെസ്-<br>45 | വസ്തുനികുതി-356<br>ലൈ.സെസ്-<br>18 |
| ആകെ | | | | | | വസ്തുനികുതി -8863<br>ലൈബ്രറി സെസ്-<br>443 |

ശരിയായ നികുതിനിരക്ക് ചുമത്താതെ വസ്തുനികുതി പരിഷ്കരിക്കാതിരുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം- 13 തീ- 25/03/2021 ) മുഖാന്തിരം വിശദീകരണം തേടിയിരുന്നു. സെക്രട്ടറി സമർപ്പിച്ച വിശദീകരണക്കുറിപ്പിൽ ഡേറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമാണ് ശരിയായ നികുതി നിരക്ക് ചുമത്തപ്പെടാതിരുന്നതെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ അപാകം പരിഹരിക്കുന്നതാണെന്നും അറിയിച്ചു. ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ അപാകം പരിഹരിച്ച് കുറവ് വന്ന വസ്തുനികുതി (8863 രൂപ)യും ലൈബ്രറി സെസ്സും (443 രൂപ) ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 ആയുർവേദ സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ-സാങ്കേതികാനുമതി തുകയിൽ അധികരിച്ചുള്ള ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ |
| പ്രോജക്ട് നം | 166/20 |
| എസ്റ്റിമേറ്റ് | 64000 |
| കരാറുകാരൻ | സനൽകുമാർ |
| എഗ്രിമന്റ് നം/തീയതി | 14/07-09-19 |
| അളവു പുസ്തക നം | 3/19-20 |
| പിൻവലിച്ച തുക | 69072 |
| ബിൽ നം /തീയതി | 43/18-1-20 |

ഈ പ്രവൃത്തിയ്ക്കായി District Level Technical Committee For Electrification Works (DLTCE) തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് ആലപ്പുഴ എൽ എസ് ജി ഡി വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ആണ്. ഈ സാങ്കേതികാനുമതി രേഖ പ്രകാരം ഈ പ്രവൃത്തിയുടെ

സാങ്കേതികാനുമതി തുക 64000/- രൂപയായിരുന്നു (DLT No.23/EE/EL/LSGD/19-20/4-7-19). എന്നാൽ പ്രവൃത്തിയുടെ ബിൽ പ്രകാരം നികുതികൾ ഉൾപ്പടെ പിൻവലിച്ചിട്ടുള്ളത് 69072/- രൂപയാണ്. സാങ്കേതികാനുമതി തുകയിൽ അധികരിച്ച് തുക പിൻവലിക്കുന്നത് അനുവദനീയമല്ലെന്നിരിക്കെ ഈ നടപടി മൂലം 5072/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. ഇതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം:8/24-3-21) മറുപടിയിൽ കരാറുകാരന് അധികമായി നൽകിയ 5072/-രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എൻജിനീയർ മറുപടി നല്കി. അധിക ചെലവായ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇത് കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കാത്തപക്ഷം ഉത്തരവാദിയായ അസി.എൻജിനീയറുടെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4477000 | ലൈഫ് പദ്ധതി | 2786989 | 1690211 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | | 472590 | 472590 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻഎക്സ്റ്റെൻഷൻ | | 200000 | 200000 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | | 69934 | 39934 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം തുക നല്കിയിട്ടില്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | 4820000 | 214357 | 2044117 | 0 | 23990240 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14059/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2018-19 | 1-17 | 14059 | അബ്ദുൾ മജീദ് ഖാൻ,കോൺട്രാക്ടർ | 1201101011174/11.08.2020 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-20 | 2008-09 | 3-5-5(എ) | ചെറുകിട വ്യവസായം(പട്ടിക ജാതി വനിത) | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-2 | 2008-09 | 3-5-5(ബി) | വനിതാ ഘടക പദ്ധതികളിലെ ക്രമക്കേട് | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-17 | 2008-09 | 3-5-5(ബി) | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക വിതരണം ചെയ്യാത്തത് | വിജിലൻസ് പരിഗണനയിൽ |
| 2006-07 | 3-1എ) മുതൽ ജെ വരെ | 2009-10 | 2-10 | വിവിധ പദ്ധതികളിലെ ഗുരുതരമായ ക്രമക്കേടുകൾ | വകുപ്പു തല നടപടിയിൽ തീരുമാനമായില്ല |

4-8 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95296391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79157206 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8863 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5072 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,26,104 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8863 | | ശ്രീമതി .ആദില. ഡി.എസ്, സെക്രട്ടറി |
| 3-1 | | 5072 | ശ്രീമതി.ഷെലി. എം.കെ, അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 9,45,000 | ശ്രീമതി.ധനലക്ഷമി പി, കൃഷി ഓഫീസർ |
| 1-28 | 37,500 | ശ്രീമതി.പി.എൻ.ഉഷാകുമാരി, ഹെഡ്മിസ്ട്രസ് |

| | | |
|---|---|---|
| 1-31 | 43,604 | ഡോ.ആനന്ദ് ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | 1026104 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനം | തുക | ഇനം |
|---|---|---|
| 1-33 | 85827 രൂപ | ജി.എസ്.റ്റി-റ്റി.ഡി.എസ് |
| 2-1 | 443 രൂപ | ലൈബ്രറി സെസ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആനന്ദ് , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി),കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | രാമംഗലത്ത് ,ഹരിപ്പാട് |
| ശ്രീമതി . ധനലക്ഷ്മി .പി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | പള്ളേത്ത് വടക്കതിൽ , സൗത്ത് മങ്കുഴി , പുള്ളിക്കണക്ക് |
| ശ്രീമതി.പി.എൻ.ഉഷാകുമാരി , ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | ഇടയിലെ മണക്കാട്, മുതുപിലാക്കാട് പടിഞ്ഞാറ് പോരുവഴി .പി.ഒ,കൊല്ലം |
| ശ്രീമതി.ഷേലി.എം.കെ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ , കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | തിരുവാതിര , സനാതനപുരം, ആലപ്പുഴ |
| ശ്രീമതി .ഡി.എസ് .ആദില | വിരമിച്ചു | കാവിൽ ഹൌസ്, ആലുംപീടിക, ഓച്ചിറ, കൊല്ലം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99<br>1999-00<br>2001-02<br>2002-03<br>2003-04 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 2004-05,<br>2005-06<br>2006-07<br>2007-08<br>2008-09<br>2009-10 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2010-11 | എൽ.എഫ്.എ-പി.4-870/2011/03.10.2013 |
| 2011-12,<br>2012-13 | എൽ.എഫ്.എ-പി.4-1859/14/26.11.2014 |
| 2013-14,<br>2014-15 | എൽ.എഫ്.എ-പി.4-873/2011/04.08.2015 |
| 2015-16 | എൽ.എഫ്.എ-പി.4-1523/16 |
| 2016-17 | എൽ.എഫ്.എ-പി.4-616/17/15.06.2017 |
| 2017-18 | എൽ.എഫ്.എ-പി.4-/ 147/2019/13.02.2019 |
| 2018-19 | കെ.എസ്.എ.എ.എൽ .പി പി-4/312/2020/14.05.2020 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്